**സബ്മിഷൻ**

## (1) ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി വാങ്ങുന്ന സ്ഥലം സംബന്ധിച്ച നിബന്ധന

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ലൈഫ് മിഷൻ പദ്ധതിയിൽ ഭൂരഹിതരായ ആളുകൾക്ക് മൂന്ന് സെന്റിൽ താഴെയല്ലാത്ത ഭൂമി വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതിയുണ്ട്. ഈ ധനസഹായം നൽകുന്ന പദ്ധതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമസേവകന് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശം റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയ ഭൂമി വാങ്ങരുതെന്നാണ്. ജനറൽ കാറ്റഗറിയിൽപ്പെട്ടവർക്ക് മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് രണ്ടുലക്ഷം രൂപയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് രണ്ടരലക്ഷം രൂപയുമാണ് ധനസഹായമായി കൊടുക്കുന്നത്. ഇന്നത്തെ കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ, ഭൂമി വലിയൊരു പ്രഷ്യസ് കമ്മോഡിറ്റിയായ സാഹചര്യത്തിൽ രണ്ടുലക്ഷം രൂപയ്ക്ക് മൂന്ന് സെന്റ് സ്ഥലം വാങ്ങാനോ രണ്ടരലക്ഷം രൂപയ്ക്ക് മൂന്നുസെന്റ് സ്ഥലം വാങ്ങാനോ നിവൃത്തിയില്ലാത്ത സാഹചര്യമാണുള്ളത്. നിലമെന്ന് റവന്യൂ രേഖകളിൽ രേഖപ്പെടുത്തിയ സ്ഥലം വാങ്ങരുതെന്ന നിർദ്ദേശം ശരിയല്ല. കാരണം, അതിന് നിയമപരമായി യാതൊരു തടസ്സവുമില്ല. 2018-

ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ അമെന്റ്മെന്റ് പാസ്സാക്കി. ഈ പുതിയ ഭേദഗതി പ്രകാരം 10 സെന്റ് സ്ഥലത്ത് 120 സ്വകയർ മീറ്റർ, അതായത് 1,200 സ്വകയർ ഫീറ്റ് ഓളം വിസ്തൃതിയുള്ള കെട്ടിട നിർമ്മാണത്തിന് നിലവിൽ അനുമതി നൽകാനുള്ള അധികാരം പഞ്ചായത്ത് സെക്രട്ടറിക്കുണ്ട്. ആ സാഹചര്യത്തിൽ ലൈഫ് മിഷൻ പദ്ധതിയിലെ ഭൂരഹിതരായ ആളുകൾക്ക് സ്ഥലം വാങ്ങാൻ ധനസഹായം നൽകുമ്പോൾ നിലം എന്ന് റവന്യൂ രേഖകളിൽ അടയാളപ്പെടുത്തിയിരിക്കുന്നതുകൊണ്ട് കൊടുക്കരുത് എന്നുപറയുന്നത് അന്യായമാണ്. കാരണം രണ്ടരലക്ഷത്തോളം ഭൂരഹിതരായ ആളുകൾ കേരളത്തിലുണ്ട്. അതിൽ ബഹുഭൂരിപക്ഷം ആളുകളും ഈ പ്രോജക്ടിൽ ഈ പദ്ധതിയുടെ ബനിഫിഷ്യറീസായി വരുന്നവരാണ്. എന്റെ നിർദ്ദേശം, റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽതന്നെ അത് ലോക്കൽ ബോഡികളുടെ ഡാറ്റാ ബാങ്കിൽ കൺവെർട്ടഡ് ലാൻഡ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും അതുപോലെ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി വാങ്ങുന്നതിന് അനുവാദം നൽകണമെന്നുള്ളതാണ്. ഇതിന് നിയമപരമായ പ്രൊട്ടക്ഷനുണ്ട്.

നിയമപരമായി ഒരു തടസ്സവുമില്ലാത്ത സാഹചര്യത്തിൽ ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് ഈ പറയുന്ന വിലയ്ക്ക് ഭൂമി വാങ്ങാൻ സാധിക്കാത്ത സാഹചര്യമുള്ളതുകൊണ്ട് ഈ നിബന്ധന ഒഴിവാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് മാന്യവും സുരക്ഷിതവുമായ ഭവനങ്ങളും ജീവനോപാധികളും ലഭ്യമാക്കുന്നതിനാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമിയും ഭവനവും നൽകുന്നതിനുവേണ്ടി ലൈഫ് മൂന്നാംഘട്ടത്തിൽ സ്വീകരിക്കാവുന്ന പ്രവർത്തനരീതികൾ സംബന്ധിച്ച് 28-05-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭൂമിയുടെ അളവ് പരിഗണിക്കുമ്പോൾ ഭവന

സമുച്ചയങ്ങൾക്കുതന്നെയാണ് പ്രഥമ പരിഗണന നൽകേണ്ടത്. വളരെക്കുറഞ്ഞ ഗുണഭോക്താക്കളുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലും ഭൂമി കണ്ടെത്താൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിലും ഗുണഭോക്താക്കൾ സ്വന്തമായി ഭൂമി ആർജ്ജിക്കുന്ന രീതിയും തദ്ദേശഭരണ സ്ഥാപനങ്ങൾ ഭൂമി വാങ്ങി നൽകുന്ന രീതിയും അവലംബിക്കാവുന്നതാണെന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഭവന സമുച്ചയങ്ങളുടെ നിർമ്മാണച്ചെലവ് കണക്കിലെടുക്കുമ്പോൾ ആയത് വൻതോതിൽ ഏറ്റെടുക്കുന്നതിന് സാധിക്കുന്നില്ല. അതുകൊണ്ട് ഭൂരഹിത-ഭവനരഹിതർക്കായി സംഭാവനയായും സ്പോൺസർഷിപ്പിലൂടെയും ഭൂമി കണ്ടെത്തുന്നതിന് കഴിഞ്ഞമാസം ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിനിൽ ആവേശകരമായ പ്രതികരണമാണ് ലഭിക്കുന്നത്. സിനിമാ രംഗത്ത് കേരളം ലോകത്തിന് നൽകിയ ഏറ്റവും പ്രധാനപ്പെട്ട പ്രതിഭയായ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, അദ്ദേഹത്തിന്റെ അടൂരുള്ള കുടുംബ സ്വത്തിന്റെ ഭാഗമായി ലഭിച്ച പതിമൂന്നര സെന്റ് സ്ഥലം ഈ പദ്ധതിക്കുവേണ്ടി നൽകുന്നുവെന്ന് ഒരുദിവസം രാവിലെ വിളിച്ച് എന്നോട് പറയുകയുണ്ടായി. ഞാൻ ആ വീട്ടിലേയ്ക്ക് ചെന്നപ്പോൾ അദ്ദേഹം എന്നോടും പത്രപ്രവർത്തകരോടും

പറഞ്ഞത് 'എനിക്ക് പതിമൂന്നര സെന്റ് സ്ഥലം ആർജ്ജിച്ചപ്പോൾ എനിക്കൊരു മകൾ മാത്രമേയുള്ളൂ, രാജസ്ഥാനിൽ ഐ.എ.എസ്. ഉദ്യോഗസ്ഥയായി ജോലി ചെയ്യുകയാണ്. ഇങ്ങനെയൊരു സ്റ്റേറ്റ്മെന്റ് വന്നിട്ടുണ്ട്, അതനുസരിച്ച് നമുക്ക് കിട്ടിയ പതിമൂന്നര സെന്റ് സ്ഥലം നൽകട്ടേയെന്ന് ഞാൻ അവളോട് ചോദിച്ചപ്പോൾ വളരെ സന്തോഷത്തോടുകൂടിയാണ് അവൾ അത് സ്വീകരിച്ചത് ' എന്നാണ്. ആ തീരുമാനത്തിന്റെ ഭാഗമായി ഭൂമിയില്ലാത്ത, വീടില്ലാത്ത ആളുകൾക്ക് ആ പതിമൂന്നര സെന്റ് നൽകുന്നതിന് സന്നദ്ധമാണെന്ന് അറിയിച്ചതിനുശേഷം ഞങ്ങൾ അവിടെ ചെന്നപ്പോൾ അദ്ദേഹം പറഞ്ഞത് 'ഞാൻ നിങ്ങൾക്ക് ഭൂമി ദാനം ചെയ്യുകയല്ല, ഭൂമിയും വീടുമില്ലാത്ത ലക്ഷക്കണക്കിന് ആളുകൾക്ക് വീടുണ്ടാക്കുന്നതിനുവേണ്ടി ഭൂമി നൽകുകയെന്നുള്ളത് എന്റെയൊരു ചുമതലയായിട്ടും ബാദ്ധ്യതയായിട്ടുമാണ് കാണുന്നത് ' എന്നാണ്. നല്ല പ്രതികരണമാണ് ആ ക്യാമ്പയിനിന്റെ ഭാഗമായി ലഭിക്കുന്നത്. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമെല്ലാം എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള എല്ലാവരുടെയും ശ്രദ്ധ നല്ല നിലയിൽ ആ പ്രവർത്തനത്തിന്റെ ഭാഗമായി കേന്ദ്രീകരിച്ചാൽ നമുക്ക് 'മനസ്സോടിത്തിരി

മണ്ണ് എന്ന ക്യാമ്പയിനിൽ വലിയ രീതിയിൽ പാവപ്പെട്ട ആളുകൾക്ക് ഭൂമി നൽകുന്നതിന് സാധിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ലൈഫ് പദ്ധതി പ്രകാരമുള്ള ഭവനങ്ങളുടെ നിർമ്മാണത്തിന് കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അല്ലെങ്കിൽ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാണ്. 'നിലം നികത്ത് പുരയിടം', 'വെള്ളക്കെട്ട് സ്ഥലം' എന്നിങ്ങനെയുള്ള ഭൂമിക്ക് മേൽപ്പറഞ്ഞ ചട്ടപ്രകാരം നിർമ്മാണാനുമതി ലഭിക്കാൻ പ്രതിബന്ധങ്ങളുണ്ട്. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, നിലവിലുള്ള നെൽവയലുകൾ, തണ്ണീർത്തടങ്ങൾ, 1998-നുശേഷം നികത്തപ്പെട്ട സ്ഥലങ്ങൾ എന്നിവയ്ക്ക് ബാധകമായതിനാൽ ഇത്തരം സ്ഥലങ്ങൾ ലൈഫ് ഭവന പദ്ധതിക്കായി വാങ്ങുന്നതിന് അനുമതി നൽകുന്നതിന് നിയമപരമായി സാധിക്കുകയുമില്ല. 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി പ്രകാരം റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും 2008-ന് മുൻപ് നികത്തപ്പെട്ടതുമായ സ്ഥലത്ത് വീട് നിർമ്മിക്കുന്നതിനായി ഭൂമിയുടെ തരംമാറ്റലിന് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ച്

അനുമതി ലഭ്യമാക്കി ഭവനനിർമ്മാണം നടത്താവുന്നതാണ്. ആ ആനുകൂല്യം ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾക്കും ഉപയോഗപ്പെടുത്താൻ സാധിക്കും. ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നത് സംബന്ധിച്ച് ഉയർന്നുവന്ന സംശയങ്ങൾക്ക് മറുപടി നൽകിക്കൊണ്ട് 2019-ൽ പുറപ്പെടുവിച്ച വിശദീകരണത്തിൽ വെറ്റ്ലാൻഡ്, തണ്ണീർത്തടം, നിലം എന്നിവ വാങ്ങാൻ പാടില്ലെന്നും റവന്യൂ രേഖകളിൽ 'പുരയിടം' എന്ന് രേഖപ്പെടുത്തിയിട്ടുള്ള വസ്തു മാത്രമേ വാങ്ങാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം സ്ഥലങ്ങൾ ലൈഫ് പദ്ധതി പ്രകാരം വാങ്ങുന്നതിന് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനോ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാങ്ങുന്നതിനോ അനുമതി നൽകുന്ന കാര്യം റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥർ ചേർന്ന് പരിശോധിച്ച് തീരുമാനമെടുക്കാൻ നിർദ്ദേശം നൽകുന്നതാണ്. ഇത്തരത്തിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്. അതായത്, ഇപ്പോഴുള്ള വ്യവസ്ഥയിൽനിന്നും നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതുപോലെ അവർക്ക് ധനസഹായം നൽകുന്നതിനോ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അത് വാങ്ങുന്നതിനോ ഉള്ള

അനുമതി റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥരുമായി ചേർന്ന് പരിശോധിച്ച് തീരുമാനമെടുക്കാൻ ഇപ്പോൾ നിർദ്ദേശിക്കുന്നതാണ്. അതിനനുസരിച്ച് അത്തരത്തിലുള്ള സ്ഥലം വാങ്ങാനും അതിനാവശ്യമായ രീതിയിലുള്ള സമീപനം സ്വീകരിക്കാനും ഗവൺമെന്റ് സന്നദ്ധമാണെന്നാണ് അറിയിക്കാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിച്ച മറുപടി എഴുതിത്തന്ന ഉദ്യോഗസ്ഥർ 2018-ലെ നെൽവയൽ-തണ്ണീർത്തട നിയമത്തിൽ വന്നിട്ടുള്ള ഭേദഗതി കാണാതെയാണ് എഴുതിയിട്ടുള്ളത്. ആ ഭേദഗതി പ്രകാരം 10 സെന്റ് ഭൂമിക്ക് 120 സ്ക്വയർ മീറ്റർ കെട്ടിടം പണിയുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്കുതന്നെ അനുവാദം നൽകാവുന്നതാണ്. ലോക്കൽ ബോഡികളുടെ കീഴിൽ നടത്തുന്ന പരിപാടിയാണിത്. വെറുതെ ഒരു നിബന്ധന വച്ചിട്ട് ആയിരക്കണക്കിന് ആളുകൾക്ക് സ്ഥലം വാങ്ങാനുള്ള അവരുടെ അവകാശം ഇല്ലാതായിപ്പോകുകയാണ്, ഈ പദ്ധതി നടപ്പാക്കാൻ കഴിയാതെ പോകുകയാണ്. ഇതാണ് യഥാർത്ഥ സ്ഥിതി. അങ്ങ് ഒന്നുകൂടി പരിശോധിച്ച് വേണ്ട നിർദ്ദേശം നൽകി ഈ നിബന്ധന മാറ്റണമെന്നാണ് എന്റെ

അഭ്യർത്ഥന.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി പ്രകാരം റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും 2008-ന് മുൻപ് നികത്തപ്പെട്ടതുമായ സ്ഥലത്ത് വീട് നിർമ്മിക്കുന്നതിനായി ഭൂമിയുടെ തരംമാറ്റലിനായി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ച് അനുമതി ലഭ്യമാക്കി ഭവനനിർമ്മാണം നടത്താവുന്നതാണ്. ആ ആനുകൂല്യം ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾക്കും ഉപയോഗപ്പെടുത്താൻ സാധിക്കും എന്നുതന്നെയാണ് പറയുന്നത്. ഇനി ഇവിടെ ഉന്നയിച്ചതുപോലെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സംശയവും വേണ്ട, പാവപ്പെട്ട മനുഷ്യർക്ക് വീട് വയ്ക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കുന്നതിന് റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ആവശ്യമായ നിലപാട് സ്വീകരിക്കാം.

### (2) <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടിക്രമം.</u>

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ സഭയിലെ എല്ലാ അംഗങ്ങളുടെയും

സർക്കാരിന്റെയും ശ്രദ്ധയിലേയ്ക്കാണ് ഈ വിഷയം അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് മുൻ കാലഘട്ടങ്ങളിൽ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി സർക്കാരിന് സൗജന്യമായി സ്ഥലം വിട്ടുനൽകിയാൽ അത് വില്ലേജ് ഓഫീസിലെ ലാൻഡ് റിലിങ്ക്വിഷ്മെന്റ് ഫോറത്തിൽ  സ്ഥലമുടമ ഒപ്പിട്ട് കൊടുത്താൽ അവിടെ സർക്കാരിന്റെയോ പഞ്ചായത്തിന്റെയോ ഫണ്ട് ഉപയോഗിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുമായിരുന്നു. അതായിരുന്നു കാലാകാലങ്ങളിൽ നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നത്.  പക്ഷെ ഈ അടുത്ത കാലത്ത്, ഏകദേശം ഒരു കൊല്ലം മുൻപ് പുതിയതായി പറയുന്നത്, ഒരു പഞ്ചായത്ത് റോഡ് വീതി കൂട്ടുന്നതിനുവേണ്ടി സ്ഥലമുടമകൾ പഞ്ചായത്തിന് സ്ഥലം വിട്ടുകൊടുക്കുകയാണെങ്കിൽ അത് പഞ്ചായത്തിന് രജിസ്റ്റർ ചെയ്ത് കൊടുക്കണമെന്നും അങ്ങനെ ചെയ്താൽ മാത്രമേ അത് ആസ്തി വികസന രജിസ്റ്ററിൽ ചേർക്കുകയുള്ളൂവെന്നുമാണ്. അതുകൊണ്ട് ഒരുപാട് വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടിരിക്കുകയാണ്. ഉദാഹരണത്തിന്, പന്ത്രണ്ടോ പതിനഞ്ചോ ആളുകൾ ചേർന്ന് സ്ഥലം വിട്ടുകൊടുത്താൽ അവരെ മുഴുവൻ രജിസ്ട്രേഷൻ ഓഫീസിൽ

കൊണ്ടുപോയാൽ രജിസ്ട്രേഷൻ നടക്കുമോ? ഇല്ല. അതുകൊണ്ട് മുൻകാലങ്ങളിൽ ചെയ്തതുപോലെ ലാൻഡ് റിലിങ്ക്വിഷ്മെന്റ് ഫോമിൽ ഒപ്പിട്ടുകൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. അതാകുമ്പോൾ റോഡ് കിട്ടാൻവേണ്ടി ബന്ധപ്പെട്ട ആളുകളെല്ലാംകൂടി പോകുമ്പോൾതന്നെ വില്ലേജ് ഓഫീസർ മുഖാന്തരം പഞ്ചായത്ത് മെമ്പർ ഒപ്പിട്ട് കൊടുത്ത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർക്കും. പുതിയ ഒരു ഉത്തരവ് വന്നിട്ടുണ്ട്, പഞ്ചായത്തീരാജ് ആക്ടിന്റെ വകുപ്പ് 178 പ്രകാരം പഞ്ചായത്തുകൾക്ക് ഇത് ബാധകമല്ലെന്നാണ് പറയുന്നത്. അതുകൊണ്ട് എന്താണ്? എല്ലാ സെക്രട്ടറിമാരും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് ആസ്തി രജിസ്റ്ററിൽ ചേർക്കണം. അപ്പോൾ മാത്രമേ പഞ്ചായത്തിന്റെ പദ്ധതി പണം നീക്കിവയ്ക്കാനും എം.എൽ.എ.-യ്ക്ക് ഫണ്ട് കൊടുക്കാനും സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ മുൻകാലങ്ങളിൽ നമ്മുടെ നാട്ടിൽ ചെയ്തതുപോലുള്ള സംവിധാനത്തിലേയ്ക്ക്, അതായത് റിലിങ്ക്വിഷ്മെന്റ് ഫോം വില്ലേജ് ഓഫീസർ മുഖാന്തരം ഒപ്പിട്ടുകൊടുത്ത് ആ സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തുകൊണ്ടുള്ള ഒരു നിലപാടിലേയ്ക്ക് വരണം. ഒരുപാട് വികസന പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുകയാണ്. റോഡുകളും

അതുപോലെതന്നെ ചാരിറ്റി, പാലിയേറ്റീവ് കെയർ തുടങ്ങിയവയ്ക്കുവേണ്ടി ഒരു അഞ്ച് സെന്റ് സ്ഥലം പഞ്ചായത്തിനെ ഏൽപ്പിക്കണമെങ്കിൽ അവിടെ ഒരു പതിനഞ്ച് ആളുകൾക്ക് അവകാശമുണ്ടെങ്കിൽ അവരെല്ലാവർക്കും പോയി ഒപ്പിടാൻ സാധിക്കില്ല. ഇക്കാര്യത്തിൽ മുൻകാലങ്ങളിൽ സ്വീകരിച്ച നിലപാട് സ്വീകരിച്ച് വില്ലേജ് ഓഫീസർ മുഖാന്തരം ലാൻഡ് റിലിങ്ക്വിഷ്മെന്റ് ഫോമിൽ സ്ഥലമുടമ ഒപ്പിട്ടുകൊടുത്താൽ ആ സ്ഥലം പഞ്ചായത്തിന്റെ രജിസ്റ്ററിൽ ചേർത്ത് വികസന പ്രവർത്തനങ്ങൾ നടത്താനുള്ള അനുമതി നൽകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ശ്രീ. പി. കെ. ബഷീർ എം.എൽ.എ. അവതരിപ്പിച്ച പ്രശ്നം ഗവൺമെന്റ് ഇതിനുമുൻപുതന്നെ പല പ്രാവശ്യം പരിശോധിച്ചിട്ടുള്ള കാര്യമാണ്. ഈയടുത്ത വർഷങ്ങളിലൊന്നും വന്ന ഒരു സമീപനമല്ല, 2005-ൽ വന്നതാണ്. ഞാനത് പൂർണ്ണമായി വായിക്കാം. 1994-ലെ കേരള പഞ്ചായത്തീരാജ് നിയമപ്രകാരം രണ്ട് തരത്തിലാണ് സ്ഥാവര വസ്തുക്കൾ ഒരു പഞ്ചായത്തിന്റെ ആസ്തിയിൽ

വരുന്നത്. പ്രസ്തുത ആക്ടിലെ 169, 171, 218, 279 തുടങ്ങിയ വകുപ്പുകൾ പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമാകുന്നതോ നിയന്ത്രണാധികാരം വരുന്നതോ ആയ ആസ്തിയോ കൂടാതെ 178-ാം വകുപ്പ് പ്രകാരം പഞ്ചായത്തിനെ ഏൽപ്പിച്ചിട്ടുള്ള ചുമതലകളുടെ നിർവ്വഹണത്തോടനുബന്ധിച്ചുള്ള ഒരു പൊതു ഉദ്ദേശത്തിനുവേണ്ടി ഒരു പഞ്ചായത്തിന് ആവശ്യമായേക്കാവുന്ന ഏതെങ്കിലും സ്ഥാവര സ്വത്ത് 1894-ലെ സ്ഥലമെടുപ്പ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് വിലയ്ക്കെടുക്കാവുന്നതും കൂടാതെ സ്വകാര്യ വിലയ്ക്ക് വാങ്ങൽ മുഖാന്തരമോ സൗജന്യമായി കൊടുക്കൽ മുഖാന്തരമോ സ്ഥാവര വസ്തു ആർജ്ജിക്കാവുന്നതുമാണ്. ബഹുമാനപ്പെട്ട അംഗം സബ്മിഷൻ നോട്ടീസ് മുഖേന പരാമർശിച്ച റിലിങ്ക്വിഷ്മെന്റ് ഫോറം മുഖേന സ്ഥലം വിട്ട് നൽകാനാകുന്നത് സംസ്ഥാന സർക്കാരിലേയ്ക്കാണ്. സംസ്ഥാന സർക്കാരിലേയ്ക്ക് ഇപ്പോഴും ആ രീതിയിൽ സ്ഥലം നൽകാൻ സാധിക്കുന്നതാണ്. നിലവിലുള്ള നിയമ വ്യവസ്ഥ പ്രകാരം റിലിങ്ക്വിഷ്മെന്റ് ഫോറം വഴി പഞ്ചായത്തുകൾക്ക് സ്ഥാവര വസ്തു ആർജ്ജിക്കാൻ കഴിയില്ല. 1994-ലെ കേരള പഞ്ചായത്തീരാജ് ആക്ടിലെ മേൽപ്പറഞ്ഞ 178-ാം

വകുപ്പിന്റെ അടിസ്ഥാനത്തിൽ 2005-ൽ തന്നെ കേരള പഞ്ചായത്തീരാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ഭൂമി വിലയ്ക്കെടുക്കൽ ആക്ട് പ്രകാരമോ ഉഭയസമ്മത പ്രകാരമോ സൗജന്യമായോ സ്ഥാവരസ്വത്തുക്കൾ പഞ്ചായത്തുകൾക്ക് ആർജ്ജിക്കാവുന്നതാണ്. ഇപ്രകാരം ആർജ്ജിക്കുന്ന വസ്തുക്കൾ സബ് രജിസ്ട്രാർ ഓഫീസ് വഴി പഞ്ചായത്തിന്റെ പേരിലേയ്ക്ക് രജിസ്റ്റർ ചെയ്ത് വാങ്ങുന്നതിന് സർക്കാർ 03-01-2020-ലെ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഫീസും 30-01-2020 -ലെ ഉത്തരവ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കി നൽകിയിട്ടുണ്ട്. ഒരു സാമ്പത്തിക ബാദ്ധ്യതയുമില്ലാത്ത രീതിയിലാണ് കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇപ്രകാരം ആർജ്ജിക്കുന്ന സ്വത്തുക്കളോടൊപ്പം പഞ്ചായത്തിൽ നിക്ഷിപ്തമാകുന്ന സ്ഥാവരസ്വത്തുക്കളും ആസ്തി രജിസ്റ്ററിൽ ചേർക്കാവുന്നതാണ്. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള വ്യക്തമായ നടപടിക്രമങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ഇതുസംബന്ധിച്ച് വിശദമായ സർക്കുലർ പഞ്ചായത്ത് ഡയറക്ടർ നൽകുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെ ലാൻഡ് റിലിങ്ക്വിഷ്മെന്റ് ചെയ്ത് ആ ഫോറം ഉപയോഗിക്കേണ്ട ആവശ്യം വരുന്നില്ല.

ഒരുപാട് ഭൂപ്രശ്നങ്ങൾ ഇതിന്റെ ഭാഗമായി പിന്നീട് വന്നപ്പോൾ ഈ പറയുന്ന രീതിയിൽ ഫോറത്തിൽ ഒപ്പിട്ട് വാങ്ങിയതുകൊണ്ടുമാത്രം കാര്യമില്ലെന്ന് കോടതിയുടെതന്നെ നിർദ്ദേശം വന്നപ്പോഴാണ് യഥാർത്ഥത്തിൽ ഇങ്ങനെയൊരു തീരുമാനത്തിലെത്താൻ ഇടയായത്.

ശ്രീ. പി. കെ. ബഷീർ: സർ, (മൈക്ക് ഓഫ്) (...ബഹളം...)

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷന്റെ ഇടയിൽ ചോദ്യമില്ല. സബ്മിഷന് മന്ത്രി മറുപടി പറഞ്ഞു. അങ്ങ് ഇരിക്കണം. സബ്മിഷന് ചർച്ചയില്ല. (...ബഹളം...) സാധാരണനിലയിൽ സബ്മിഷൻ അവതരിപ്പിച്ച് മന്ത്രി മറുപടി പറഞ്ഞാൽ പിന്നെ ചോദ്യമില്ല.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഒരുകാര്യംകൂടി മറുപടിയുടെ ഭാഗമായിതന്നെ പറയാം. നിയമസഭ പാസ്സാക്കിയ ആക്ടിലെ വ്യവസ്ഥ പാലിക്കണമെന്ന് പറയുന്നത് തെറ്റല്ലല്ലോ? അതാണ് നമ്മുടെ മുമ്പിലുള്ള നിയമം. പഞ്ചായത്തീരാജ് ആക്ടിലെ പ്രസ്തുത വ്യവസ്ഥ മാറ്റാൻ നമുക്ക് കൂടിയാലോചിച്ച് തീരുമാനിക്കാം.

(3) ജനമൈത്രി ട്രൈബൽ എക്സൈസ് റേഞ്ച് ഓഫീസ്

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ പാലോട്

കേന്ദ്രമാക്കി ഒരു മാതൃകാ ട്രൈബൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കണമെന്നതാണ് എന്റെ സബ്മിഷനിലെ ആവശ്യം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം തിങ്ങിപ്പാർക്കുന്ന ഒരു വനമേഖലയാണ് പാലോട്. ഈ വനമേഖലയിൽ ലഹരി മരുന്നിന്റെ ഉപയോഗം കൂടുകയാണെന്നാണ് ഈയടുത്ത കാലത്ത് വന്ന റിപ്പോർട്ട് വ്യക്തമാക്കുന്നത്. പതിനാലാം നിയമസഭയിലും ഈ വിഷയം സജീവമായ ചർച്ചയ്ക്ക് വിധേയമായതും അന്നൊരു സബ്മിഷൻ ഉന്നയിച്ചപ്പോൾ അനുകൂലമായ മറുപടി അന്നത്തെ എക്സൈസ് വകുപ്പുമന്ത്രിയിൽനിന്നും ലഭ്യമായതുമാണ്. നെടുമങ്ങാട്, വാമനപുരം എക്സൈസ് റേഞ്ച് ഓഫീസുകളിൽനിന്ന് ഏകദേശം 30-40 കി.മീ. ദൂരമുണ്ട് പാലോട് വനമേഖലയിലേയ്ക്ക് എത്താൻ. പെരിങ്ങമ്മല, വിതുര, നന്ദിയോട് പഞ്ചായത്തുകളെല്ലാം അടങ്ങുന്ന ഒരു മേഖലയാണ്. Narcotic Drugs and Psychotropic Substances Act (NDPS) കേന്ദ്ര ആക്ടാണ്. ആ കേന്ദ്ര ആക്ടിന്റെ പരിമിതിമൂലം പിടിക്കപ്പെടുന്ന ആളുകളെപ്പോലും ഫലപ്രദമായി ശിക്ഷിക്കേണ്ട എൻഫോഴ്സ്മെന്റിന്റെ അഭാവമുണ്ട്. ഇക്കാര്യത്തിൽ സജീവമായ ശ്രദ്ധ ആവശ്യമാണ്. അതുകൊണ്ടുതന്നെ പാലോട് കേന്ദ്രമാക്കി പോലീസ്, റവന്യൂ, എക്സൈസ്

എന്നിവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള എൻഫോഴ്സ്മെന്റ് ശക്തമാക്കുന്നതിനുവേണ്ടി ഒരു മാതൃകാ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കണമെന്നതാണ് എന്റെ ആവശ്യം. അവിടെ വിമുക്തി പദ്ധതി നടപ്പിലാക്കിയിട്ടും ഫലപ്രദമായി മുന്നോട്ടുപോകുന്നില്ലെന്നുള്ള പരിമിതിയുണ്ട്. മദ്യം, മയക്കുമരുന്ന്, ലഹരി വസ്തുക്കൾ, മൊബൈൽ ഫോണിന്റെ ദുരുപയോഗം എന്നിവയും നടക്കുകയാണ്. അതിന്റെ സാമൂഹിക പ്രത്യാഘാതവുമുണ്ട്. അതിന് പരിഹാരമെന്ന നിലയിലാണ് ഈ ആവശ്യം ഉന്നയിക്കുന്നത്. അനുഭാവപൂർവ്വമായ ഒരു നിലപാടെടുക്കണമെന്നതാണ് എന്റെ സബ്മിഷനിലൂടെയുള്ള ആവശ്യം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ശ്രീ. ഡി. കെ. മുരളി എം.എൽ.എ. അവതരിപ്പിച്ച സബ്മിഷൻ വളരെ ഗൗരവമുള്ള വിഷയമാണ്. പെരിങ്ങമ്മല, വിതുര ആദിവാസി മേഖലയിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതും അതോടൊപ്പം യുവാക്കൾക്കിടയിൽ ലഹരി ഉപയോഗം കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കുന്നതിനുള്ള നടപടികളും എക്സൈസ് വകുപ്പ്

സ്വീകരിച്ചുവരികയാണ്. തിരുവനന്തപുരം ജില്ലയിലെ വിതുര, പെരിങ്ങമ്മല, കുറ്റിച്ചൽ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിൽ യുവാക്കളെ ലഹരിയിൽനിന്നും പിന്തിരിപ്പിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. ലഹരിക്കെതിരെ 'കായിക ലഹരി' എന്ന മുദ്രാവാക്യത്തോടെ ഫുട്ബോൾ ടീമുകൾ രൂപീകരിച്ച് പരിശീലനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഇതിലൂടെ യുവാക്കളുടെ ശ്രദ്ധ അനഭിലഷണീയമായ പ്രവണതകളിലേയ്ക്ക് പോകാതെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിന് സാധിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗക്കാരായ രക്ഷകർത്താക്കൾക്ക് കൗൺസിലിംഗ് നൽകി വരുന്നു. ഞാറനീലി സെറ്റിൽമെന്റ് പ്രദേശത്ത് മത്സര പരീക്ഷകളിൽ വിജയിച്ച് ജോലി നേടുന്നതിലേയ്ക്കായി തൊഴിലാണ് ലഹരിയെന്ന സന്ദേശമുയർത്തിപ്പിടിച്ചുകൊണ്ട് എക്സൈസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മത്സര പരീക്ഷകൾക്ക് സൗജന്യ പരിശീലനം നൽകുന്നുണ്ട്. ഇതോടനുബന്ധിച്ച് പഠനോപകരണങ്ങളും പരീക്ഷാർത്ഥികൾക്കിടയിൽ വിതരണം ചെയ്തിട്ടുള്ളതാണ്. കരിയർ മാർഗ്ഗനിർദ്ദേശ കേന്ദ്രങ്ങൾ, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലുകളിൽ പ്രോത്സാഹനം, സ്പോർട്സ്

ടീമുകളുടെ രൂപീകരണം, കായിക പരിശീലനത്തിനുള്ള സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും വകുപ്പ് നടത്തിവരുന്നുണ്ട്. ഈ മേഖലയിൽ രൂപീകരിച്ചിട്ടുള്ള വിമുക്തി മിഷൻ പഞ്ചായത്ത്/വാർഡ്തല കമ്മിറ്റികൾ ചേർന്ന് ലഹരി ഉപയോഗം സംബന്ധിച്ചുള്ള പരാതികൾ അന്വേഷിച്ച് നടപടികൾ സ്വീകരിച്ച് വരികയാണ്. ഈ മേഖലയിൽ ലഹരിക്ക് അടിമപ്പെട്ടവരെ കണ്ടെത്തി കൗൺസിലിംഗും ചികിത്സയും നടത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗോത്ര മേഖലയിലെ ആളുകളിൽ ആരോഗ്യ പരിപാലനത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിനും ലഹരി ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനുമായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. പഠനം പാതിവഴിയിൽ ഉപേക്ഷിച്ച വിദ്യാർത്ഥികളെ കണ്ടെത്തി തുടർ പഠനത്തിനാവശ്യമായ സഹായങ്ങൾ എക്സൈസ് വകുപ്പ് നൽകി വരുന്നു. ലഹരി ഉപയോഗത്തിലേയ്ക്കോ മറ്റ് സാമൂഹ്യവിരുദ്ധ പ്രവർത്തനത്തിലേയ്ക്കോ ഏർപ്പെടാതെ യുവാക്കളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് ആദിവാസി മേഖലയിൽ നടത്തിവരുന്നത്. വിമുക്തി മിഷൻ തിരുവനന്തപുരം ജില്ലയിൽ പുതിയതായി

ആരംഭിക്കുന്ന രണ്ട് ഡീ-അഡിക്ഷൻ സെന്ററുകളിൽ ഒന്ന് പാലോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആരംഭിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. പുതിയതായി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പാലോട് കമ്മ്യൂണിറ്റി വിമുക്തി ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പെരിങ്ങമ്മല, വിതുര തുടങ്ങിയ ആദിവാസി ഊരുകളിൽ കഴിഞ്ഞ രണ്ട് മാസത്തിനിടെ അഞ്ച് പെൺകുട്ടികളുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട വാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിലെ യുവതീയുവാക്കൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികളും എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നാല് ജനമൈത്രി എക്സൈസ് സ്ക്വാഡുകളാണുള്ളത്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്ന പ്രവണത ഒഴിവാക്കുന്നതിനും പുതുതലമുറയെ ലഹരി ഉപയോഗത്തിൽനിന്നും പിന്തിരിപ്പിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുമായി വാമനപുരം

നിയോജകമണ്ഡലത്തിലെ പാലോട് കേന്ദ്രമാക്കി ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപീകരിക്കുന്നതിനായി പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(4) കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.-യുടെ പ്രവർത്തനം.

ശ്രീമതി കാനത്തിൽ ജമീല: സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിൽ തെരഞ്ഞെടുത്തിട്ടുള്ള ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന കിഫ്ബി പദ്ധതിയുടെ ഭാഗമായി തൊഴിൽ വകുപ്പിന്റെ കീഴിൽ വരുന്ന എന്റെ മണ്ഡലത്തിലെ കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.-യെയും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. കിഫ്ബി വഴി അനുവദിച്ച നാല് കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ അവസാനഘട്ടത്തിലാണ്. പുതിയ ബഹുനില കെട്ടിടത്തിന്റെ നിർമ്മാണവും ക്യാമ്പസ് നവീകരണവുമാണ് നടന്നുവരുന്നത്. ഇത്രയധികം വികസന പ്രവർത്തനങ്ങൾ നടന്നിട്ടും മതിയായ ട്രേഡുകളുടെ അഭാവംകൊണ്ട് ഇപ്പോഴും ഒരു സെക്കന്റ് ഗ്രേഡ് ഐ.ടി.ഐ.-യായിട്ടാണ് നിലനിൽക്കുന്നത്. പുതിയ ട്രേഡുകൾക്കുവേണ്ടി പ്രൊപ്പോസലും നിലവിലുള്ള സെക്കന്റ്

ഗ്രേഡിൽനിന്നും ഐ.ടി.ഐ.-യെ ഫസ്റ്റ് ഗ്രേഡായി അപ്ഗ്രേഡ് ചെയ്യണമെന്ന പ്രൊപ്പോസലും കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെയും ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല. എല്ലാ അദ്ധ്യയന വർഷത്തിലും അഡ്മിഷനുവേണ്ടി ആയിരക്കണക്കിന് അപേക്ഷകളാണ് ഇവിടെ ലഭിക്കുന്നത്. എന്നാൽ ട്രേഡുകൾ കുറവായതിനാൽ വളരെക്കുറച്ച് വിദ്യാർത്ഥികളെ മാത്രമേ പ്രവേശിപ്പിക്കാൻ സാധിക്കുന്നുള്ളൂ. ആയതിനാൽ വരുന്ന അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ പുതിയ ട്രേഡുകൾ ഇവിടേയ്ക്ക് അനുവദിക്കണമെന്നും ഫസ്റ്റ് ഗ്രേഡ് ഐ.ടി.ഐ.-യായി ഇതിനെ അപ്ഗ്രേഡ് ചെയ്യണമെന്നും സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.-യെ ഒന്നാംനിര ഐ.ടി.ഐ.-യായി ഉയർത്തുന്നതിലേയ്ക്കായി നിലവിലുള്ള പത്ത് ട്രേഡുകൾക്കുപുറമേ ഇലക്ട്രീഷ്യൻ, വെൽഡർ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ

ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. പുതിയതായി ഇലക്ട്രീഷ്യൻ, വെൽഡർ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിന് ഒറ്റത്തവണയായി ഉപകരണ സംഭരണ ഇനത്തിൽ 47,69,884/- രൂപയും എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ (ആവർത്തന ചെലവ്) 46,79,532/- രൂപയും ഫർണിച്ചർ സംബന്ധമായി 3,60,000/- രൂപയും ചെലവ് വരും. ആയതിനാൽ കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.-യെ ഒന്നാംനിര ഐ.ടി.ഐ.-യായി ഉയർത്തുന്നതിലേയ്ക്കായി പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമായാൽ ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചതുപോലെ പുതിയ ട്രേഡുകൾ ഉൾപ്പെടുത്തി കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.-യെ ഒന്നാം നിലവാരത്തിലുള്ള ഐ.ടി.ഐ.-യായി ഉയർത്തികൊണ്ടുവരാൻ സാധിക്കുന്നതാണ്.

## (5) വടക്കേക്കളം പ്ലാന്റേഷൻ ലിമിറ്റഡിൽനിന്ന് ഏറ്റെടുത്ത മിച്ചഭൂമി വിതരണം ചെയ്യൽ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ തലപ്പിള്ളി താലൂക്കിലെ വടക്കാഞ്ചേരി, പാർളിക്കാട് വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന വടക്കേക്കളം പ്ലാന്റേഷൻ ലിമിറ്റഡ്, ആലപ്പുഴ എന്ന

സ്ഥാപനത്തിൽനിന്നും ഏകദേശം 73.7 ഏക്കർ ഭൂമി തലപ്പിള്ളി ലാൻഡ് ബോർഡ് 21-01-2013-ൽ TLB/SR/1950 TPY/LR/6-ാം നമ്പർ ഉത്തരവുപ്രകാരം ഏറ്റെടുക്കുകയുണ്ടായി. സർക്കാർ ഏറ്റെടുത്ത ഈ മിച്ചഭൂമിയിൽനിന്നും 10 ഏക്കർ ഭൂമി പൊതു ആവശ്യത്തിനും 270 പ്ലോട്ടുകൾ കുറ്റിവച്ച് തിരിച്ചും 659 പ്ലോട്ടുകൾ സ്കെച്ചിൽ പ്ലോട്ട് ചെയ്തിട്ടുമുണ്ട്. ഈ സ്ഥലം വടക്കാഞ്ചേരി ടൗണിന്റെ ഹൃദയഭാഗത്താണ്. ഏകദേശം ആയിരത്തോളം ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നൽകാൻ കഴിയുന്ന നിലയിലാണ് പ്ലോട്ട് ചെയ്തിട്ടുള്ളത്. പൊതുവികസനത്തിനാവശ്യമായ ഭൂമിയും പട്ടണത്തിന്റെ തൊട്ടടുത്ത് ലഭിക്കുകയും ചെയ്യും. എന്നാൽ അതിനെതിരെ വടക്കേക്കളം പ്ലാന്റേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതായാണ് അറിയാൻ കഴിയുന്നത്. അതുമായി ബന്ധപ്പെട്ട് താലൂക്ക് ലാൻഡ് ബോർഡ് എതിർസത്യവാങ്മൂലം കേസ് ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ 2013-ൽ നൽകിയിട്ടുള്ള പ്രസ്തുത കേസിന്മേൽ നാളിതുവരെയായിട്ടും തീർപ്പുണ്ടായിട്ടില്ല. ആയത് അടിയന്തരമായി തീർപ്പാക്കണം. അതോടൊപ്പം ഈ ഭൂമി മിച്ചഭൂമിയാണെന്നറിയാതെ വാങ്ങിയവർ കുറ്റിവയ്ക്കുന്നതിനും മറ്റുമായി ചെല്ലുമ്പോഴാണ് അത്

മിച്ചഭൂമിയാണെന്ന് മനസ്സിലാകുന്നത്. അങ്ങനെയുള്ളവർക്ക് നിയമത്തിലെ 7(E) വകുപ്പുപ്രകാരമുള്ള അവകാശം നൽകുന്നതിനായി താലൂക്ക് ലാൻഡ് ബോർഡ് അടിയന്തരമായി ഇവരെ കേട്ട് പ്രശ്നം പരിഹരിക്കണം. കുറ്റിവയ്ക്കൽ നടപടി പൂർത്തിയാക്കുന്നതോടുകൂടി ആരെല്ലാമാണ് ഈ നിലയിൽ തെറ്റിദ്ധരിച്ച് ഭൂമി വാങ്ങിയിട്ടുള്ളതെന്നും ഈ ഭൂമി ബോധപൂർവ്വം കൈമാറിയിട്ടുള്ളതെന്നും മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് അവകാശികളുടെ കാര്യത്തിൽ തീർപ്പുണ്ടാക്കണം. തർക്കമില്ലാത്ത ഭൂമി അടിയന്തരമായി കുറ്റിവച്ച് തിരിച്ച് വിതരണം ചെയ്യാനും പൊതു ആവശ്യത്തിന് നൽകാനും ആവശ്യമായ ഇടപെടലുണ്ടാകണം. നിരന്തരമായി സമരങ്ങൾ നടന്നിട്ടുള്ള ഭൂമിയാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയായിരുന്ന ഘട്ടത്തിൽ 2013 ജനുവരി 1-നാണ് കേരളത്തിലാകെ നടന്ന ഭൂസമരവുമായി ബന്ധപ്പെട്ട് അവിടെ സമരം ഉദ്ഘാടനം ചെയ്തത്. ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ അന്ന് ആ സമരത്തിന് ഫിസിക്കലായി നേതൃത്വം നൽകുകയും പോലീസ്

നടപടികൾക്ക് വിധേയമാകുകയും ചെയ്ത ഒരു സമരകേന്ദ്രം കൂടിയാണിത്. സമയബന്ധിതമായി ഇത് തീർപ്പാക്കി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം സേവ്യർ ചിറ്റിലപ്പിള്ളി ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമേറിയതാണെന്ന് സഭയുടെ മുമ്പാകെ ഞാൻ ബോദ്ധ്യപ്പെടുത്തുകയാണ്. പ്രത്യേകിച്ച്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയായ ശ്രീ. കെ. രാധാകൃഷ്ണനും ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് നടന്ന സമരത്തിന്റെ പാരമ്പര്യവും അദ്ദേഹം വിശദീകരിക്കുകയുണ്ടായി. തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ വടക്കേക്കളം പ്ലാന്റേഷൻസ് ലിമിറ്റഡിൽനിന്ന് മിച്ചഭൂമിയായി ഏറ്റെടുക്കാൻ ഉത്തരവായ ഭൂമി പ്ലോട്ടുകളായി തിരിച്ച് ഭൂരഹിതർക്ക് വിതരണം ചെയ്യുന്ന വിഷയം വളരെ ഗൗരവത്തോടുകൂടിതന്നെയാണ് സർക്കാർ കാണുന്നത്. വടക്കേക്കളം

പ്ലാന്റേഷന്റെ 73.73 ഏക്കർ ഭൂമി 18-08-2000-ലെ TLB ഉത്തരവുപ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കാൻ ഉത്തരവായിരുന്നു. ടി ഭൂമിയിൽനിന്ന് 63.73 ഏക്കർ ഭൂമി ഭൂരഹിതർക്ക് നൽകുന്നതിനായി പൊതു ആവശ്യത്തിന് നീക്കിവച്ച് 03-06-2013-ൽ ഉത്തരവാകുകയും ബാക്കി പത്ത് ഏക്കർ ഭൂമി 13-09-2013-ലെ G.O.(M.S) നമ്പർ 396/2013/RD പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ വകുപ്പിന് കൈമാറുന്നതിന് അന്ന് ഉത്തരവായതുമാണ്. എന്നാൽ 18-08-2000-ലെ താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവിനെതിരെ വടക്കേക്കര പ്ലാന്റേഷൻ ഫയൽ ചെയ്ത CRP/ 44/2013 നമ്പർ കേസ്സിൽ 05-02-2013-ലെ ഉത്തരവുപ്രകാരം സ്ഥലമേറ്റെടുക്കാനുള്ള നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. എന്നാൽ ഈ കേസ്സിലെ അന്തിമ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചിട്ടില്ല. കേസ് വേഗത്തിൽ തീർപ്പാക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രത്യേകമായ അഭ്യർത്ഥന നടത്തുകയും അതിനുവേണ്ടി ഒരുയോഗം വിളിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേ കാരണമാണ് നിലവിൽ ആ ഭൂമി വിതരണം ചെയ്യാൻ സാധിക്കാത്തത്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാസേവനങ്ങളും സ്മാർട്ട്

എന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രഖ്യാപിതമായ ലക്ഷ്യം. കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുപരിയായി ഭൂരഹിതർക്ക് ഭൂമി കണ്ടെത്തി വിതരണം ചെയ്യുന്നതിനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വിവിധ താലൂക്ക് ലാൻഡ് ബോർഡുകളിൽ തീർപ്പാകാതെ കിടക്കുന്ന 1298 കേസ്സുകൾ തീർപ്പാക്കുന്നതിനായി ക്രിയാത്മകമായ ഇടപെടൽ ഇതിനോടകം നടത്തിക്കഴിഞ്ഞു. താലൂക്ക് ലാൻഡ് ബോർഡുകളെ നാല് സോണുകളായി തിരിച്ച് ഓരോ സോണിന്റെയും ചുമതല ഓരോ ഡെപ്യൂട്ടി കളക്ടർമാരെ ഏൽപ്പിച്ച് കേസ്സുകൾ അടിയന്തരമായി തീർപ്പാക്കാനുള്ള നടപടികളും പരിഗണനയിലാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ വിശദമായി സൂചിപ്പിച്ചതുപോലെ, വടക്കേക്കളം പ്ലാന്റേഷന്റെ മിച്ചഭൂമി സംബന്ധിച്ച വിഷയം  പരിഹരിക്കുന്ന കാര്യത്തിൽ  ഗവൺമെന്റ് പ്രത്യേകമായി നേതൃത്വപരമായ പങ്കുവഹിക്കും. കേസ് തീർപ്പാകുന്നമുറയ്ക്ക് ഭൂമി ഏറ്റെടുത്ത് ഭൂരഹിതരായ ആളുകൾക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുമെന്ന കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

(6) കുറ്റ്യാടി വലതുകനാൽ നവീകരണം

ശ്രീ. ഇ. കെ. വിജയൻ: സർ, നാദാപുരം മണ്ഡലത്തിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിൽ അഞ്ച് ദിവസംമുമ്പ് മുണ്ടക്കുറ്റി എന്ന സ്ഥലത്ത് ജലസേചന വകുപ്പിന്റെ കുറ്റ്യാടി വലതുകനാൽ രാത്രി 11.30-ന് ശേഷം തകർന്ന് വെള്ളം കുത്തിയൊഴുകി ഒട്ടേറെ വീടുകൾക്കും കൃഷിഭൂമിക്കും കൃഷിക്കും വലിയ തോതിൽ നഷ്ടം സംഭവിച്ചിരിക്കുകയാണ്. അതോടൊപ്പം, വീട്ടുപറമ്പിലുണ്ടായിരുന്ന തേങ്ങയുൾപ്പടെയുള്ള ഉല്പന്നങ്ങളും ഒലിച്ചുപോയി കൃഷിക്കാർക്ക് വലിയ നഷ്ടം സംഭവിച്ചിട്ടുണ്ട്. അമ്പതുവർഷംമുമ്പ് മണ്ണുകൊണ്ട് നിർമ്മിച്ചതാണ് ഈ കനാൽ. എല്ലാ വർഷവും അതിന്റെ അറ്റകുറ്റപ്പണികൾ നടത്താറുണ്ട്. തൊഴിലുറപ്പ് തൊഴിലാളികളാണ് കഴിഞ്ഞ കുറച്ചുവർഷങ്ങളായി ആ പണി ചെയ്തിരുന്നത്. ആവർത്തന ചെലവാണ് എന്ന് പറഞ്ഞുകൊണ്ട് ഈ വർഷം അതിന്റെ അറ്റകുറ്റപ്പണികൾ തടയുകയാണ് ചെയ്തത്. കാട്ടുപന്നി, മുള്ളൻപന്നി, എലി തുടങ്ങിയ ജന്തുക്കൾ ഈ കനാൽ വാസസ്ഥലമായി ഉപയോഗിക്കുകയും വലിയ തോതിലുള്ള ഗർത്തങ്ങളുണ്ടാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കനാൽ പൊട്ടാനിടയായത്. അതുപോലെ കനാലിന്റെ ഒട്ടേറെ മേഖലകളിൽ

ഇപ്പോൾ ഇത്തരമൊരു അവസ്ഥയുണ്ടെന്നതും പ്രത്യേകിച്ച് കാണേണ്ടതാണ്. അതിന്റെ ഭാഗമായാണ് വളരെ പെട്ടെന്ന് കനാൽ ഇങ്ങനെ പൊട്ടാനിടയായത്. കഴിഞ്ഞ വർഷവും രണ്ടുമൂന്ന് മേഖലകളിൽ ഇതുപോലെ കനാൽ പൊട്ടിയപ്പോൾ ജനങ്ങളുടെ സഹകരണത്തോടെ വേഗത്തിൽ പൂർവ്വസ്ഥിതിയിലാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോൾ അതിന് സാധിച്ചിട്ടില്ല. ഈ കനാലുമായി ബന്ധപ്പെട്ട് നാദാപുരം, കുറ്റ്യാടി തുടങ്ങി ഒട്ടേറെ പഞ്ചായത്തുകളിൽ നെല്ല്, പച്ചക്കറി തുടങ്ങിയ കൃഷികൾ ചെയ്യുന്ന കാലയളവാണ് ഇപ്പോൾ. അതെല്ലാം ഈ ആറ് ദിവസംകൊണ്ട് ഉണങ്ങിപ്പോകാനുള്ള സാധ്യതയാണ് കാണുന്നത്. അതോടൊപ്പം കനാലിൽനിന്നുള്ള വെള്ളം കുടിവെള്ളത്തിനും ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് ഈ കനാൽ ആകെ ഡീ-കമ്മീഷൻ ചെയ്ത് എവിടെയൊക്കെയാണ് പൊട്ടാൻ സാധ്യതയുള്ളതെന്ന വസ്തുത മനസ്സിലാക്കിയില്ലെങ്കിൽ അതിഭീകരമായ സംഭവങ്ങൾ നടക്കാനിടയുണ്ട്. കാരണം വലിയ തോതിൽ വെള്ളം തുറന്നുവിടുമ്പോഴാണ് ഇത് പൊട്ടുന്നത്. ഇപ്പോഴും അങ്ങനെയാണ് സംഭവിച്ചത്. വെള്ളം തുറന്നുവിടുമ്പോൾ എവിടെയെല്ലാം പൊട്ടുമെന്നും എന്തെല്ലാം നാശനഷ്ടം വരാനിടയുണ്ടെന്നും

കണക്കാക്കാൻ കഴിയില്ല. ഇപ്പോൾ സംഭവിച്ചത് പകൽ സമയത്തായിരുന്നെങ്കിൽ പ്രധാനപ്പെട്ട റോഡും അതിലൂടെ കടന്നുപോകുന്ന വാഹനങ്ങളും കുട്ടികളുൾപ്പടെയുള്ള ജനങ്ങളും ഒലിച്ചുപോകാനിടവരുമായിരുന്നു. പക്ഷേ ആ സാഹചര്യമുണ്ടായില്ല എന്നതാണ് വസ്തുത. ഈ വലിയ നാശമുണ്ടായപ്പോൾ ജനങ്ങളും ഫയർഫോഴ്സും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ എത്തിയെങ്കിലും അവർക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല. ഡാം അടച്ച് ഒന്നുരണ്ട് മണിക്കൂറിന് ശേഷമാണ് വെള്ളം നിന്നത്. ഇതിനെ ആശ്രയിച്ച് കൃഷി ചെയ്യുന്ന ഒട്ടേറെ പഞ്ചായത്തുകളിലെ കൃഷിക്കാരും ആശങ്കയിലായിരിക്കുകയാണ്. ഇത് പൂർവ്വ സ്ഥിതിയിലാക്കാനുള്ള സംവിധാനവും ഇതുവരെ നടന്നിട്ടില്ല. വലിയ പാലങ്ങൾപോലും മണിക്കൂറുകൾകൊണ്ട് നിർമ്മിക്കുന്ന രീതിയിലേയ്ക്ക് ലോകം മാറിയ സാഹചര്യത്തിൽ ഇത്തരമൊരു കനാൽ തകർന്നിട്ട് അത് പൂർവ്വസ്ഥിതിയിലാക്കാൻ കഴിയുന്നില്ലെന്നത് യഥാർത്ഥത്തിൽ ആലോചിക്കേണ്ട കാര്യമാണ്. അതുകൊണ്ട് കനാൽ പൂർവ്വസ്ഥിതിയിലാക്കിക്കൊണ്ട് കൃഷിക്കാരെ സഹായിക്കാനുള്ള പദ്ധതി ആവിഷ്കരിക്കണം. അതോടൊപ്പം അമ്പത് വർഷംമുമ്പ് മണ്ണുകൊണ്ട്

നിർമ്മിച്ച കനാലിന്റെ ഇന്നത്തെ അവസ്ഥയെന്താണെന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. എവിടെയൊക്കെയാണോ പ്രശ്നമുള്ളതെന്ന് കണ്ടെത്തിക്കൊണ്ട് ഇതിനെ പൂർവ്വസ്ഥിതിയിലാക്കാനുള്ള പ്രവർത്തനം നടത്തണം. ആൾനാശമോ കൃഷിനാശമോ ഉണ്ടാകാതെ ഈ കനാലിനെ സംരക്ഷിക്കണം. കനാൽ തുറന്നാൽ മഴപെയ്യുന്നതുപോലെയുള്ള സംവിധാനം ഒട്ടേറെ Aqueduct-കളിൽ നിർമ്മിച്ചിരിക്കുകയാണ്. വളരെ ഗൗരവത്തോടെ ഈ വിഷയം എടുക്കുന്നില്ലെന്ന വിമർശനം എനിക്കുണ്ട്. കഴിഞ്ഞ കുറേവർഷങ്ങളായി പലസ്ഥങ്ങളിലും ചെറിയ തോതിലും വലിയതോതിലും കനാൽ പൊട്ടിയിട്ടുണ്ട്. ഈ വർഷം മെയിന്റനൻസ് നടത്താത്തതുകൊണ്ടാണ് കനാൽ പൊട്ടാനിടയായത്. അതുകൊണ്ട് കൃത്യമായി അറ്റകുറ്റപ്പണി നടത്താനും ഡീ-കമ്മീഷൻ ചെയ്യാനുമുള്ള സംവിധാനം ഇതിന്റെ ഭാഗമായുണ്ടാകണം. അതോടൊപ്പം വളരെ പെട്ടെന്ന് കനാൽ പൂർവ്വസ്ഥിതിയിലാക്കാനുള്ള സംവിധാനമുണ്ടാക്കിക്കൊണ്ട് കൃഷിക്കാരെ സംരക്ഷിക്കാനുള്ള പ്രവർത്തനവും നടത്തണം. കുറ്റ്യാടി മണ്ഡലത്തിലും ഇതിന്റെ പ്രശ്നമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർക്ക് ഇതുമായി ബന്ധപ്പെട്ട്

സംസാരിക്കാൻ കുറച്ച് സമയം അനുവദിക്കുന്നത് നല്ലതായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. കൂടാതെ വലിയ നാശം സംഭവിച്ച കൃഷിക്കാർക്കും ഭൂവുടമകൾക്കും നഷ്ടപരിഹാരം നൽകണമെന്നുകൂടി ഇതോടൊപ്പം പറയുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത് വളരെ ഗൗരവമേറിയ ഒരു വിഷയമാണ്. പ്രസ്തുത കനാലിന്റെ പഴക്കമാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഏകദേശം അമ്പത് വർഷത്തോളം പഴക്കമുള്ള കനാലുകൾ വീണ്ടുംവീണ്ടും മെയിന്റനൻസ് ചെയ്യുന്നുണ്ടെങ്കിലും അതിനെ പൂർവ്വസ്ഥിതിയിൽ എത്തിക്കുന്നതിനോ കുറ്റമറ്റതാക്കുന്നതിനോ സാധിക്കാതെവരുന്നു. അതുകൊണ്ട് അത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ മുമ്പോട്ടുകൊണ്ടുപോകാൻ സർക്കാർ ശ്രമിക്കും. ഇവിടെയിപ്പോൾ സംഭവിച്ചത്, കുറ്റ്യാടി ജലസേചന പദ്ധതിയുടെ വലതുകര മെയിൻ കനാലിന്റെ ഏകദേശം ചെയിനേജ് 6300-നോടടുത്ത് 20 മീറ്റർ നീളത്തിൽ കനാൽ ബണ്ട് പൂർണ്ണമായി ഇടിഞ്ഞു. പ്രസ്തുത കനാലിന്റെ പാർശ്വഭിത്തികളും ഏകദേശം 10 മീറ്റർ ആഴമുള്ള

അണ്ടർ കനാലിന്റെ നടുഭാഗവും തകർന്നുപോയിട്ടുണ്ട്. അത് വലിയ ബുദ്ധിമുട്ട് ഉളവാക്കിയിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ, വടകര താലൂക്കിലെ കുടിവെള്ളപ്രശ്നം, അവിടത്തെ നെൽക്കൃഷി ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ജനങ്ങൾ വലിയ ബുദ്ധിമുട്ട് നേരിടുന്നുവെന്നകാര്യം സർവ്വശ്രീ ഇ. കെ. വിജയൻ, കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, ടി. പി. രാമകൃഷ്ണൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഈ വർഷം ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽ പ്രായോഗികമായി ചെയ്യാവുന്ന കാര്യങ്ങൾ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ അടിയന്തരമായി അവിടെ നടത്താനായി ശ്രമിച്ചു. പക്ഷേ വളരെ പെട്ടെന്ന് ചെയ്യേണ്ട കാര്യങ്ങളെന്ന നിലയിൽ, കനാൽ ജലവിതരണയോഗ്യമാക്കുന്നതിനുള്ള അറ്റകുറ്റപ്പണി നടത്താൻ 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. പെട്ടെന്ന് അതിന് ഭരണാനുമതി കൊടുത്ത് നടപടികൾ ഉടൻ ആരംഭിച്ച് പൂർത്തിയാക്കുന്നതായിരിക്കും. എന്തെങ്കിലും സാമ്പത്തിക ലഭ്യതക്കുറവുണ്ടെങ്കിൽ ധനപുനർവിനിയോഗത്തിനുള്ള ശിപാർശ സർക്കാരിന് സമർപ്പിച്ചാൽ അതിനാവശ്യമായ തുകയും നൽകുന്നതായിരിക്കും. ഇതിനാവശ്യമായ നിർദ്ദേശം ചീഫ് എഞ്ചിനീയർക്ക്

കൈമാറിയിട്ടുണ്ട്. ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കാൻ കണ്ണൂർ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറെ പ്രത്യേകം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇവിടെയുള്ള പ്രധാനപ്പെട്ട വിഷയം ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ പഴക്കമുള്ള കനാൽ ശൃംഖലകളാണ്. ഇതിന്റെ മെയിന്റനൻസ് നടത്തുന്നതിനുവേണ്ടി കാലാകാലങ്ങളിൽ ശ്രദ്ധിച്ചിരുന്നുവെങ്കിലും തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി ചെയ്യുന്നതിനുള്ള ചില തടസ്സങ്ങൾ നേരിട്ടു, ആവർത്തന സാധ്യതകളുള്ള വർക്കുകൾ ചെയ്യാൻ പാടില്ല. അതിന്റെ പശ്ചാത്തലത്തിൽ ചെറിയ ബുദ്ധിമുട്ടുകൾ വന്നു. അതും പരിഹരിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം ഈ നിർമ്മിതികളെല്ലാം പുനർനിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. അതിനുവേണ്ടി 180 കോടി രൂപ ചെലവ് കണക്കാക്കുന്ന പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 22-02-2022-ൽ ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഇക്കാര്യം ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. അടിയന്തര പ്രാധാന്യമർഹിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകിയും പദ്ധതി പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വ്യക്തമാക്കിയും ഗവൺമെന്റിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കാൻ ചീഫ്

എഞ്ചിനീയർ [പദ്ധതി(I)]-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹ്രസ്വകാലാടിസ്ഥാനത്തിൽ പെട്ടെന്ന് ചെയ്യേണ്ട കാര്യമെന്ന നിലയിൽ 20 ലക്ഷം രൂപയുടെ ഭരണാനുമതി കൊടുത്ത് പെട്ടെന്ന് പ്രവൃത്തികൾ ക്രമീകരിക്കുന്നതിനും ഭാവിയിലേയ്ക്ക് ഇത്തരം വിഷയങ്ങൾ മാറുന്നതിനാവശ്യമായിട്ടുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കനാൽ നവീകരണത്തിനുവേണ്ടി 150 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിക്കുകയും അതിന്റെ ലഭ്യതയും പ്രാധാന്യവും മനസ്സിലാക്കി പെട്ടെന്ന് പ്രവൃത്തികൾ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സൂചിപ്പിച്ച വിഷയം വലിയ പ്രാധാന്യത്തോടെയാണ് കാണുന്നത്. അക്കാര്യത്തിൽ സർക്കാർ സത്വരനടപടി സ്വീകരിക്കുമെന്നാണ് പറയാൻ ആഗ്രഹിക്കുന്നത്.

(7) കുണ്ടറയിലെ കുടിവെള്ളക്ഷാമം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ നിയോജകമണ്ഡലമായ കുണ്ടറയിൽ അതിരൂക്ഷ കുടിവെള്ള ക്ഷാമമാണ് നേരിടുന്നത്. കുണ്ടറ, ഇളംമ്പള്ളൂർ, പേരയം, തൃക്കോവിൽവട്ടം, നെടുമ്പന, കൊറ്റങ്കര, പെരിനാട് തുടങ്ങിയ എല്ലാ പഞ്ചായത്തുകളിലെയും ജനങ്ങൾ കുടിവെള്ള ക്ഷാമംമൂലം

വലയുകയാണ്. ഞാൻ ഇക്കാര്യം സെപ്സിഫിക്കായി പറഞ്ഞുവെങ്കിലും ഇത് എന്റെ മണ്ഡലത്തിന്റെ മാത്രം പ്രശ്നമല്ല. ഇന്നത്തെ മലയാള മനോരമ പത്രത്തിൽ വളരെ പ്രധാനപ്പെട്ടൊരു വാർത്ത വന്നിട്ടുണ്ട്- 'വെന്തുരുകി കേരളം' (മലയാള മനോരമ പത്രം ഉയർത്തിക്കാട്ടി). ഇതിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ താപനില 40 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന മുന്നറിയിപ്പുണ്ട്. ഈ സാഹചര്യത്തിൽ അങ്ങയുടെ വകുപ്പിൽനിന്നും അടിയന്തര ഇടപെടലുണ്ടാകണം. വകുപ്പുദ്യോഗസ്ഥരുമായി നടത്തിയ യോഗങ്ങളിൽനിന്ന് ലഭിച്ച ചില വിവരങ്ങളിൽ ഒന്ന്, പമ്പിംഗ് സ്റ്റേഷനിലെ വിഷയങ്ങളും അറ്റകുറ്റപ്പണികളും യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിച്ച് ജനങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള നടപടിയുണ്ടാവണം. അതുപോലെ പൊതുമരാമത്ത് വകുപ്പും ജലവിഭവ വകുപ്പും തമ്മിൽ ഒരു ധാരണയുണ്ടായതായ വാർത്ത പത്രത്തിൽ വായിച്ചു. രണ്ടുവകുപ്പുകളും തമ്മിൽ ഏകോപനമുണ്ടാകുമെന്നത് സന്തോഷമുള്ള കാര്യമാണ്. ഇപ്പോഴും പലസ്ഥലത്തും റോഡ് മുറിച്ച് കണക്ഷൻ കൊടുക്കുന്നത് സംബന്ധിച്ച പ്രശ്നങ്ങളുണ്ട്. പ്രാദേശിക കോ-ഓർഡിനേഷനിലൂടെ രണ്ട് വകുപ്പുകളും

ഇക്കാര്യങ്ങൾ പരിഹരിക്കാനാവശ്യമായ നിർദ്ദേശം കൊടുക്കണം. അതുപോലെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ട്യൂബ് വെല്ലിനുവേണ്ടി ഫീസിബിലിറ്റി നൽകുന്നതിന് ധാരാളം സമയം എടുക്കുന്നുണ്ട്. അതുപോലെ കൊല്ലം ജില്ലയ്ക്കുള്ള യന്ത്രം ആലപ്പുഴയിലേയ്ക്ക് കൊണ്ടുപോയിരിക്കുകയാണ്. ആലപ്പുഴക്കാർക്ക് കൊടുക്കുന്നതിന് ഞാൻ എതിരല്ല. പക്ഷേ അടിയന്തരമായി അത് തിരിച്ച് കൊല്ലത്തേയ്ക്ക് കൊണ്ടുവരാനുള്ള ഒരു നിർദ്ദേശവുംകൂടി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ മറ്റൊരു പ്രധാനപ്പെട്ട കാര്യം, റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കഴിഞ്ഞ വർഷം ഫെബ്രുവരി മാസമായപ്പോൾത്തന്നെ ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ ജി.പി.എസ്. ഘടിപ്പിച്ച ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിച്ചിരുന്നു. എന്നാൽ ഈ വർഷം ഇതുവരെയും അത് ആരംഭിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണവകുപ്പിൽനിന്ന് ഈ പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടിൽനിന്നോ ഓൺ ഫണ്ടിൽനിന്നോ ഇതിനാവശ്യമായ തുക ചെലവഴിക്കാനുള്ള ഒരു നിർദ്ദേശം റവന്യൂ വകുപ്പും ജലവിഭവ വകുപ്പും കൊടുത്തെങ്കിൽ മാത്രമേ, കുടിവെള്ളം ടാങ്കർ ലോറികളിൽ എത്തിക്കാൻ

കഴിയുകയുള്ളൂ. അതുപോലെ അടിയന്തര സാഹചര്യങ്ങളിൽ ഇത്തരം പ്രവൃത്തികളിൽ ഇടപെടാൻ ഒരു തുക കളക്ടർമാർക്ക് പ്രത്യേകമായി അനുവദിക്കാറുണ്ട്. അതും 14 ജില്ലാ കളക്ടർമാർക്കും അടിയന്തരമായി അനുവദിച്ചുകൊണ്ട് ഇക്കാര്യങ്ങൾ ചെയ്യണം. ഒരു കാര്യംകൂടി, ജലജീവൻ മിഷന്റെ ഭാഗമായി പുതിയ വാട്ടർ കണക്ഷൻ അനുവദിച്ചിട്ടുണ്ട്. പുതിയ കണക്ഷൻ വന്നപ്പോൾ പ്രശ്നം എന്താണെന്നുവച്ചാൽ, ഇപ്പോൾ കുടിവെള്ളം കിട്ടിക്കൊണ്ടിരിക്കുന്ന സ്ഥലത്തുപോലും വെള്ളം കിട്ടാത്ത സ്ഥിതിയാണ്. കാരണം ടെയിൽ എൻഡിൽ വെള്ളം കിട്ടുന്നില്ല. സ്രോതസ്സ് ഇപ്പോഴും പഴയതാണ്. അപ്പോൾ കൂടുതൽ കണക്ഷൻ കൊടുക്കുമ്പോൾ വെള്ളം കിട്ടാത്ത സ്ഥിതിയുണ്ട്. ഇത് കേരളത്തെ മൊത്തത്തിൽ ബാധിക്കുന്ന പ്രശ്നമാണെങ്കിലും എന്റെ മണ്ഡലത്തിന്റെ സ്പെസിഫിക്കായ കാര്യങ്ങൾകൂടി ചേർത്തുകൊണ്ട് അവതരിപ്പിച്ചതാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, Drought ആയിട്ട് പ്രഖ്യാപിക്കണം(.....മൈക്ക് ഓഫ്...).

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ്, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷൻ ഒരു ജനറൽ സബ്ജക്ടാണ്. കുണ്ടറ നിയോജകമണ്ഡലത്തിന്റെ വിഷയങ്ങളാണ് പറഞ്ഞിരുന്നതെങ്കിലും പ്രായോഗികമായി നല്ല നിലയിലാണ് ഈ വിഷയം സഭയിൽ അവതരിപ്പിച്ചത്. കുണ്ടറ നിയോജകമണ്ഡലത്തിന്റെ എല്ലാപ്രദേശത്തും ജലജീവൻ മിഷന്റെ ഭാഗമായി കുടിവെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും, അതിൽ ആശങ്കയുടെ ആവശ്യമില്ല. മലയാള മനോരമയിൽ വന്ന 'വെന്തുരുകി കേരളം' എന്ന റിപ്പോർട്ട് ഇതുപോലെ എല്ലാ കാലഘട്ടത്തിലും വരുന്ന വാർത്തകളുടെ ഭാഗമാണ്. നമുക്കതിനെ നിഷേധിക്കാനും കഴിയുകയില്ല. ഒരു പദ്ധതി പൂർത്തീകരണത്തിനാവശ്യമായ സമയം നമ്മുടെ മുന്നിൽ വേണ്ടിവരും. എങ്കിലും ഇവിടെ സൂചിപ്പിച്ചതിൽ ഏറ്റവും പ്രധാനപ്പെട്ടത്, അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കുന്നതിനാവശ്യമായ പമ്പിംഗ് സ്റ്റേഷനുൾപ്പടെയുള്ള കാര്യങ്ങളിൽ എവിടെയെങ്കിലും പോരായ്മയുണ്ടെങ്കിൽ അടിയന്തരമായി പരിശോധിച്ച് നിലവിലുള്ള ജലസ്രോതസ്സുകളിൽനിന്നുള്ള പമ്പിംഗും അറ്റകുറ്റപ്പണികളും വളരെപ്പെട്ടന്ന് ചെയ്യുന്നതിനുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. എവിടെയെങ്കിലും തകരാറുണ്ടെങ്കിൽ അത് പരിഹരിക്കുന്നതായിരിക്കും. അതോടൊപ്പം മറ്റൊരു വിഷയം, പൊതുമരാമത്ത് വകുപ്പും ജലവിഭവ വകുപ്പുമായിട്ടുള്ള തർക്കങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ഈ വിഷയം ചർച്ച ചെയ്തു. വാട്ടർ അതോറിറ്റിയിലെയും പൊതുമരാമത്ത് വകുപ്പിലെയും 14 ചീഫ് എഞ്ചിനീയർമാരും വകുപ്പ് സെക്രട്ടറിമാരും ഉൾപ്പെട്ട്, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എവിടെയെങ്കിലും തർക്കങ്ങളുണ്ടെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ.- മാർ തന്നെ നേരിട്ട് അത്തരം വിഷയം കൺവീനർ എന്ന നിലയിൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽപ്പോലും തെറ്റില്ല. അത് വളരെ വേഗത്തിൽ പരിഹരിക്കും. അത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ താമസം വരുത്തിയിട്ടുണ്ടെങ്കിൽ പരിശോധിക്കാം. അതിന്റെ ആവശ്യമില്ല, അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആ നിലയിൽ ആവശ്യമുള്ള മേഖലയിൽ പെന്റിംഗുണ്ടെങ്കിൽ

അതും പരിശോധിക്കുന്നതായിരിക്കും. ഇത്തരം കാര്യങ്ങളിൽ ജലജീവൻ മിഷൻ പൂർത്തിയാക്കുന്നതിനുള്ള സഹകരണം എല്ലാവരും ഉറപ്പുവരുത്തണം. ഇതൊരു രാഷ്ട്രീയ സാഹചര്യത്തിന്റെയോ കാഴ്ചപ്പാടിന്റേയോ പശ്ചാത്തലത്തിലല്ല. നമ്മുടെ ഗ്രൗണ്ട് വാട്ടർ ലെവൽ താഴ്ന്നുകൊണ്ടിരിക്കുകയാണ്. ഭൂജലം ലഭിക്കുന്നതിനുള്ള സാധ്യതകൾ കുറഞ്ഞുവരുന്നു. 20 വർഷം മുമ്പുള്ള ജലസ്രോതസ്സുകളിൽനിന്നും ഇന്ന് വാട്ടർ അതോറിറ്റിക്കുപോലും ശുദ്ധജലം നൽകാനുള്ള സാഹചര്യമില്ല. വരാൻപോകുന്ന 20 വർഷം മുന്നോട്ട് നോക്കിയാൽ അതിഭീകരമായിരിക്കും സ്ഥിതി. നല്ല സോഴ്സുകളിൽനിന്നും വെള്ളമെടുത്ത് നൽകുന്നതിനുള്ള നടപടികളിൽ മോണിറ്റർ ചെയ്യുകയും എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ. മാരും ഉത്തരവാദിത്വപൂർവ്വം നടപടികൾ സ്വീകരിക്കുകയും ഗവൺമെന്റ് അക്കാര്യത്തിൽ പൂർണ്ണമായി സഹകരിക്കുകയും ചെയ്യും. ഇത് ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. 2024 ആകുമ്പോൾ ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുന്നതിനായി നമുക്ക് ഒരുമിച്ച് പോകാം. ഞാൻ അതുകൊണ്ട് കുണ്ടറ നിയോജകമണ്ഡലത്തിന്റെ കാര്യം

പ്രത്യേകമായി പറയുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച എല്ലാ വിഷയങ്ങളും പരിഗണിക്കും. അവിടെ പൂർണ്ണമായും കുടിവെള്ളം നൽകുന്നതിന് സജ്ജമായ ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതായിരിക്കും.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇത് വളരെ ഗൗരവമേറിയതും സഭയിൽ പൊതുവേ ചർച്ചയ്ക്ക് വരാൻ പോകുന്നതുമായ ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ കാലാവസ്ഥയിലുണ്ടായ വ്യതിയാനമാണ് ഇങ്ങനെ ഒരു ചർച്ചയിലേയ്ക്ക് പോയത്. ഞാൻ വേറെ അർത്ഥത്തിൽ പറയുകയല്ല. കേരളത്തിൽ ഏറ്റവും കൂടുതൽ മഴ രേഖപ്പെടുത്തിയ, കഴിഞ്ഞ വർഷത്തേക്കാൾ 195 ശതമാനം അധിക മഴ ലഭിച്ച പത്തനംതിട്ട ജില്ലയിൽ ഒക്ടോബർ - നവംബർ മാസങ്ങളിൽ യോഗങ്ങൾ നടക്കുമ്പോൾ അവിടെ ഏറ്റവും വലിയ പ്രശ്നം മഴയായിരുന്നു. എന്നാൽ ഫെബ്രുവരി മാസം പട്ടയവുമായി ബന്ധപ്പെട്ട യോഗത്തിന് ഞാൻ പോകുമ്പോൾ മൂന്ന് മാസം മുമ്പ് 195 ശതമാനം അധിക മഴ ലഭിച്ച പത്തനംതിട്ട ജില്ലയിൽ കുടിവെള്ളം നൽകുന്നതിനെക്കുറിച്ചുള്ള ആലോചനകളിലേയ്ക്കാണ് പോയത്. ആ

പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ രണ്ടായിത്തന്നെ എടുക്കാം. ഒന്ന്, ജില്ലാ കളക്ടർമാർക്ക് പ്രത്യേകമായ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പ്ലാൻ ഫണ്ടിൽനിന്നും തുക ഉപയോഗിക്കാൻ ആവശ്യപ്പെടുന്നതനുസരിച്ച് അനുവാദം നൽകാവുന്നതേയുള്ളൂ. തൃശ്ശൂർ ജില്ലയിൽ ഇതിനോടകം അനുവാദം നൽകിക്കഴിഞ്ഞു. ഏതെങ്കിലും ജില്ലയിൽ അക്കാര്യം പ്രത്യേകമായി ശ്രദ്ധയിൽപ്പെടുത്തിയാൽ ഇന്നുതന്നെ അത് നൽകാവുന്നതാണ്. രണ്ട്, ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) സൂചിപ്പിച്ചതുപോലെ ഡ്രോട്ട് ആയി പ്രഖ്യാപിച്ചാൽ മാത്രമേ സർക്കാരിൽനിന്ന് അക്കാര്യത്തിലേയ്ക്കുള്ള കാര്യങ്ങൾ നൽകാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള മാനദണ്ഡങ്ങളുണ്ട്, അതുകൂടി പരിശോധിച്ച് അക്കാര്യം സർക്കാർ പരിഹരിക്കുന്നതാണ്.

(8) <u>ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം</u>

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, എന്റെ നിയോജകമണ്ഡലമായ പുതുക്കാട് അസംബ്ലി നിയോജകമണ്ഡലത്തിൽ മറ്റത്തൂർ-വരന്തരപ്പിള്ളി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുറുമാലിപ്പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന

ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജ് 2008 ജൂൺ മാസത്തിൽ നിർമ്മാണം ആരംഭിച്ചതാണ്. 14 വർഷമായിട്ടും ആ പദ്ധതി പൂർത്തീകരിക്കപ്പെട്ടിട്ടില്ല. മാത്രമല്ല ആ പദ്ധതിയുടെ ഭാഗമായ അപ്രോച്ച് റോഡ് നിർമ്മിച്ചതിലെ അപാകതകൾമൂലം കഴിഞ്ഞ വർഷകാലത്ത് റോഡിൽ വലിയ ഗർത്തം രൂപപ്പെടുകയും ഒരു വർഷമായി പ്രസ്തുത റോഡിലൂടെയുള്ള ഗതാഗതം നിരോധിച്ചിരിക്കുകയുമാണ്. ഞാൻ 15-ാം കേരള നിയമസഭയിൽ വന്ന് ആദ്യത്തെ സബ്മിഷനായി അവതരിപ്പിച്ചത് ഈ വിഷയമായിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് രണ്ടാമതൊരു സബ്മിഷൻ ഉന്നയിക്കേണ്ടി വന്നിരിക്കുകയാണ്. അന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി വളരെ നല്ല രീതിയിൽ ആ സബ്മിഷനെ സമീപിച്ചിരുന്നു. അതിലെ അപാകതകൾ എങ്ങനെ വന്നുവെന്നും അതിലെ നാൾവഴികളും ഇത്രയുംകാലം മുടങ്ങിക്കിടന്നതിന്റെ പ്രശ്നങ്ങളുമെല്ലാം പരിശോധിക്കുമെന്നുമുള്ള മറുപടിയാണ് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നൽകിയത്. രണ്ടാംതവണയും ഈ വിഷയം ഉന്നയിക്കേണ്ടിവന്നത് അടിയന്തര പ്രാധാന്യമുള്ളതുകൊണ്ടും അടുത്ത മഴ വരുമ്പോൾ അപ്രോച്ച് റോഡിന്റെ അവസ്ഥ അതിഭീകരമായിരിക്കുമെന്നതുകൊണ്ടുമാണ്. അത് നമുക്കാകെ

നാണക്കേടുണ്ടാക്കുന്ന അവസ്ഥ ഉണ്ടാകുമെന്നതുകൊണ്ടാണ് ഈ വിഷയം ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ അന്നത്തെ ഇടപെടലിന്റെ ഭാഗമായി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (കെ.ഇ.ആർ.ഐ.) പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. അതിന് അനുമതി നൽകി എത്രയും വേഗം അപാകതകൾ പരിഹരിച്ച് പൂർത്തീകരിക്കേണ്ടതുണ്ട്. ഈ ഘട്ടത്തിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം 16-03-2022-ന് കൂടുമെന്നുള്ളത് അഭിനന്ദനാർഹമായ കാര്യമാണ്. ഞാൻ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയും എന്റെ നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. അതോടൊപ്പം അടിയന്തരമായി ഈ വിഷയത്തിന് പരിഹാരം കാണാൻ കഴിയണം. മഴക്കാലമാണ് വരുന്നത്. ഇതുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കേണ്ട വിഷയമുണ്ട്. അടിയന്തരമായി ഈ വിഷയത്തിലിടപെട്ട് പരിഹാരമുണ്ടാക്കണമെന്ന് ഞാൻ വീണ്ടും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ. എ., ശ്രീ. കെ. കെ. രാമചന്ദ്രൻ ഉന്നയിച്ച വിഷയം ഗൗരവപൂർവ്വം കാണുകയാണ്. മാത്രമല്ല ഇത് ഏറെക്കാലം പഴക്കമുള്ളൊരു പദ്ധതിയാണെന്നാണ് ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുമ്പോൾ കാണാൻ സാധിച്ചത്. 2008-ൽ നബാർഡിന്റെ സഹായത്തോടെ ഭരണാനുമതി ലഭിച്ച് ആരംഭിച്ചൊരു പദ്ധതിയാണിത്. 2012 ആകുമ്പോഴേയ്ക്കും പാലത്തിന്റെ പണികളെല്ലാം പൂർത്തീകരിച്ചു. ശേഷം ഏപ്രൺ അടക്കമുള്ള മറ്റുജോലികൾ പുരോഗമിക്കുന്നതിനിടെ നബാർഡിന്റെ സഹായ കാലാവധി കഴിഞ്ഞതിനെത്തുടർന്ന് പദ്ധതി മുടങ്ങിപ്പോയിട്ടുണ്ട്. ശേഷിച്ച പ്രവൃത്തികൾക്ക് 7 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും 2014-ൽ 693 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നേടി സൈറ്റ് കൈമാറ്റം ചെയ്ത് പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിരുന്നു. കരാർ പ്രകാരമുള്ള പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് യഥാർത്ഥ പണിയുടെ എസ്റ്റിമേറ്റിൽനിന്ന് അതുവരെ പൂർത്തീകരിച്ച ഇനങ്ങളുടെ അളവുകൾ കുറച്ച് ശേഷിക്കുന്നവ മാത്രം ഉൾക്കൊള്ളിച്ച് ഉണ്ടാക്കിയതായിട്ടാണ് കാണാൻ കഴിയുന്നത്. രണ്ടാംഘട്ട എസ്റ്റിമേറ്റ് അനുമതിക്കുണ്ടായ കാലതാമസത്തിനിടയിൽ

പലതവണയുണ്ടായ വെള്ളപ്പൊക്കങ്ങളുടെയുംമറ്റും ഫലമായി സൈറ്റിൽ വന്നിട്ടുള്ള വ്യതിയാനങ്ങളൊന്നുംതന്നെ ഇതിൽ കണക്കിലെടുത്തിട്ടില്ല. അതിനാൽ ഈ പ്രവൃത്തി പൂർത്തിയാക്കണമെങ്കിൽ സ്ഥലത്തെ നിലവിലുള്ള അവസ്ഥയ്ക്ക് യോജിക്കുന്ന വിധത്തിലുള്ള മാറ്റങ്ങൾ അനിവാര്യമാണെന്ന് മനസ്സിലാക്കി ഐ.ഡി.ആർ.ബി.-യിൽനിന്ന് ലഭിച്ച അപ്രോച്ച് റോഡ് റീട്ടെയ്നിംഗ് വാളിന്റെ പുതുക്കിയ ഡിസൈനും മറ്റ് നിർദ്ദേശങ്ങളും അനുസരിച്ച് ആവശ്യമായ ഇനങ്ങൾ ഉൾക്കൊള്ളിച്ച് 7,54,64,095/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് 11-05-2018-ൽ അനുമതി നൽകുകയും ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പണികൾ ആരംഭിക്കുകയും അപ്രോച്ച് റോഡിന്റെ ഫില്ലിംഗും മറ്റനുബന്ധ ജോലികളും പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് ഏപ്രൺ നിർമ്മാണത്തിനായി റിംഗ് ബണ്ടിന്റെ നിർമ്മാണവും ഡി-വാട്ടറിംഗും പുരോഗമിക്കുന്നതിനിടെ മറ്റത്തൂർ ഭാഗത്തെ രണ്ടാമത്തെ പിയറിനിടയിൽക്കൂടി ഒരിടത്ത് ചോർച്ചയുള്ളതായി കണ്ടെത്തി. Upstream apron ഭാഗികമായി മാത്രം പൂർത്തീകരിക്കുകയും downstream apron നിർമ്മിക്കാതിരിക്കുകയും ചെയ്ത അവസ്ഥയിൽ ഏറെ വർഷങ്ങളായുള്ള പുഴയിലെ കുത്തൊഴുക്കും മൺസൂൺ കാലങ്ങളിലെ വെള്ളപ്പൊക്കവും

മണ്ണൊലിപ്പും കൂടാതെ 2018-ലെ മഹാപ്രളയവും ഈ റെഗുലേറ്ററിനെ വലിയ തോതിൽ ബാധിച്ചിരുന്നു. ഈ പ്രവൃത്തിയുടെ ഭാഗമായുള്ള മെക്കാനിക്കൽ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള കാലാവധി 2019-ന് അവസാനിച്ചു. ചോർച്ച പരിഹരിച്ചാൽ മാത്രമേ പ്രസ്തുത പ്രവൃത്തി തുടരാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ നടന്ന ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ നിലവിലുള്ള കരാറുകാരനെ നഷ്ടോത്തരവാദിത്തം ഇല്ലാതെ ഒഴിവാക്കുവാൻ തീരുമാനിച്ചു. അപ്സ്ട്രീം ഏപ്രന്റെ ബാക്കിയുള്ള പ്രവൃത്തികളും ഡൗൺസ്ട്രീം ഏപ്രന്റെ നിർമ്മാണവും വരന്തരപ്പിള്ളി ഭാഗത്തെ അപ്രോച്ച് റോഡിന്റെ കനാലിന്റെ നിർമ്മാണവും പൂർത്തീകരിക്കുവാനുണ്ട്. 2014-ൽ ഒഴിവാക്കിയ പ്രവൃത്തിയുടെ ബന്ധപ്പെട്ട പോരായ്മകൾ ഏതെങ്കിലും ഉണ്ടെങ്കിൽ കണ്ടുപിടിക്കുന്നതിനും പിയറുകൾക്കിടയിലുള്ള ലീക്കേജിന്റെ കാരണം കണ്ടുപിടിക്കുന്നതിനും ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനുമായി ഡയറക്ടർ, കെ.ഇ.ആർ.ഐ.-യെ ചുമതലപ്പെടുത്തി. അതിനിടയിൽ ആറ്റപ്പിള്ളി റെഗുലേറ്ററിന്റെ ബണ്ട് റോഡിനോട് ചേർന്ന് ഗർത്തം രൂപപ്പെടുകയും തുടർന്ന് ഗതാഗതം തടസ്സപ്പെടുകയും ചെയ്തു. തുടർന്ന് ആറ്റപ്പിള്ളി റഗുലേറ്ററിന്റെ അപ്രോച്ച് റോഡ്

വഴിയുള്ള പൊതുഗതാഗതം പുനഃസ്ഥാപിക്കുന്നതിനുവേണ്ട കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജ് (ആർ.സി.ബി.) പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും 16-08-2021-ൽ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കെ.ഇ.ആർ.ഐ. ഡയറക്ടറെ ചുമതലപ്പെടുത്തി. 25-08-2021-ന് കെ.ഇ.ആർ.ഐ.-യുടെ നേതൃത്വത്തിൽ ആറ്റപ്പിള്ളി ആർ.സി.ബി.-യിൽ ലോഡ് ടെസ്റ്റ് നടത്തുകയും തുടർന്ന് 30-08-2021-ന് ബഹുമാനപ്പെട്ട എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ റോഡ് അടിയന്തരമായി ഗതാഗതയോഗ്യമാക്കുന്നതിനുവേണ്ടി കാറുകൾ മുതലായ ചെറുവാഹനങ്ങൾക്ക് മാത്രം കടന്നുപോകാവുന്ന തരത്തിൽ ഒരു താൽക്കാലിക ഗതാഗത സംവിധാനം ഒരുക്കുന്നതിനുമായി നിർദ്ദേശിച്ചു. ആയതിലേയ്ക്കായി കെ.ഇ.ആർ.ഐ.(പീച്ചി) താൽക്കാലിക സ്റ്റീൽ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുകയും ആയതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. എന്നാൽ ആറ്റപ്പിള്ളി ആർ.സി.ബി.-ക്ക് സമീപം മറ്റത്തൂർ ഭാഗത്തെ അപ്രോച്ച് റോഡിൽ കാണപ്പെട്ട ഗർത്തം കൂടുതൽ

വ്യാസത്തിൽ ഇടിഞ്ഞതായി കാണുകയും നിലവിൽ രൂപകൽപ്പന ചെയ്തിട്ടുള്ള 10 മീറ്റർ സ്പാനുള്ള സ്റ്റീൽ ബ്രിഡ്ജ് ഇപ്പോഴത്തെ സ്ഥിതി അനുസരിച്ച് അപര്യാപ്തമാണെന്നും 01-11-2021-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലം സന്ദർശിച്ച് താൽക്കാലിക ഗതാഗതത്തിന് അനുയോജ്യമായ രൂപകൽപ്പന തയ്യാറാക്കി സമർപ്പിക്കുവാൻ വീണ്ടും ഡയറക്ടറോട് നിർദ്ദേശിച്ചു. ആയതിൻപ്രകാരം ആറ്റപ്പിള്ളി റെഗുലേറ്ററിന്റെ അപ്രോച്ച് റോഡിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള പ്രൊപ്പോസൽ, കെ.ഇ.ആർ.ഐ. ഡയറക്ടർ 09-12-2021-ൽ ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവർത്തന സജ്ജമാക്കുന്നതുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും പ്രൊപ്പോസലും ഡയറക്ടർ, കെ.ഇ.ആർ.ഐ., 22.01.2022-ൽ ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് പ്രാധാന്യമുള്ള വിഷയമാണ്. ഇതിനുവേണ്ടി ഒരു മീറ്റിംഗ് വിളിച്ചുചേർത്തിട്ടുണ്ട്. ഉദ്യോഗസ്ഥരുമായി നടത്തുന്ന ചർച്ചയിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യും പങ്കെടുക്കുന്നുണ്ട്. വളരെ ഗൗരവത്തോടെ

ഈ വിഷയം കണ്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

(9) നെൽകൊയ്ത്തും സംഭരണവും

ശ്രീ. എച്ച്. സലാം: സർ, കേരളത്തിന്റെ നെല്ലുൽപ്പാദനത്തിൽ ഏറ്റവും കൂടുതൽ സംഭാവന നൽകുന്ന നമ്മുടെ നെല്ലറയായ കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും ഇപ്പോൾ കൊയ്ത്ത് ആരംഭിച്ചിരിക്കുകയാണ്. എല്ലാ കൊയ്ത്തുകാലത്തും കൃഷിക്കാർ പല നിലയിൽ ചൂഷണം ചെയ്യപ്പെടുന്ന ഒരവസ്ഥ സംജാതമാക്കപ്പെടുകയാണ്. ഇത് കഴിഞ്ഞ സീസണിലും ഇപ്പോഴത്തെ ആരംഭ സീസണിലും കാണാൻ കഴിയും. ഒന്നാമത്തെ പ്രശ്നം, കൊയ്ത്തുകാലത്ത് ആവശ്യമായ കൊയ്ത്ത് യന്ത്രങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ലഭ്യമാക്കാൻ കഴിയുന്നതിന് പരിമിതികളുണ്ട്. കാരണം, സർക്കാർ ഏജൻസികളുടെ കൈവശമുള്ള കൊയ്ത്ത് യന്ത്രങ്ങളുടെ എണ്ണം വളരെ കുറവാണ്. തമിഴ്നാടുൾപ്പെടെ മറ്റുസംസ്ഥാനങ്ങളിലെ ജില്ലകളിൽ നിന്നാണ് കൂടുതൽ കൊയ്ത്ത് യന്ത്രങ്ങൾ വരുന്നത്. ഏജന്റുമാരായ ആളുകൾ കൊയ്ത്ത് യന്ത്രം കൊണ്ടുവന്ന് വാടകയ്ക്ക് നൽകുന്ന സാഹചര്യമാണ് അവിടെ നടക്കുന്ന ഒരു സിസ്റ്റം. പക്ഷേ അവർക്ക് ഇഷ്ടമുള്ള വാടക ഈടാക്കുന്ന ഒരു

സാഹചര്യം കഴിഞ്ഞ സീസൺ സമയത്തുണ്ടായി. പൊതുവിൽ നിശ്ചയിക്കപ്പെട്ട തുകയെക്കാൾ ഒരു മണിക്കൂറിന് 500 രൂപവരെ വ്യത്യാസപ്പെടുത്തി കൃഷിക്കാരെ കൊള്ളയടിക്കുന്ന സാഹചര്യം അവിടെയുണ്ടായിരുന്നു. ഇപ്രാവശ്യവും സ്ഥിതി വ്യത്യസ്തമല്ല. അതിനാൽ ഗവൺമെന്റിന്റെ കൈവശമുള്ള കൊയ്ത്ത് യന്ത്രങ്ങൾക്ക് പുറമെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഗവൺമെന്റുതന്നെ പൂൾ ചെയ്ത് വാങ്ങി ഡിപ്പാർട്ടുമെന്റുവഴി ഓരോ കൃഷിയിടത്തേയ്ക്കും നൽകാനാവശ്യമായ ഒരു സംവിധാനം കൊണ്ടുവരേണ്ടത് അനിവാര്യമാണ്. നിശ്ചിത തുക നിശ്ചയിച്ച് അത് അധികരിക്കാതെ ഈടാക്കി യഥാസമയത്ത് കൊയ്ത്ത് നടത്താനാവശ്യമായ ക്രമീകരണമുണ്ടാക്കണം. രണ്ടാമത്തെ പ്രശ്നം, നെല്ലെടുപ്പുമായി ബന്ധപ്പെട്ട് കടുത്ത ചൂഷണമാണുണ്ടാകുന്നത്. കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൂടി കണക്കിലെടുത്ത് നെല്ലെടുക്കാൻ വരുന്ന സ്വകാര്യ മില്ലുടമകൾ നെല്ലിന്റെ നനവ് അടിസ്ഥാനമാക്കി കൂടുതൽ കിഴിവുകൾ വാങ്ങുകയാണ്. അവിടെ കഴിഞ്ഞ ടേമിൽ ഒരു ക്വിന്റൽ നെല്ല് ഏറ്റെടുക്കുമ്പോൾ നാല് കിലോ മുതൽ 11 കിലോവരെ കിഴിവ് വാങ്ങുന്ന സാഹചര്യമുണ്ടായി. അത് കൃഷിക്കാരെ സംബന്ധിച്ച് വലിയ നഷ്ടത്തിലേയ്ക്ക്

പോകുന്ന സാഹചര്യമാണുണ്ടാകുന്നത്. നെല്ലുവില വർദ്ധിപ്പിച്ചുകൊടുക്കുന്ന കാര്യത്തിലും മറ്റുനിലയ്ക്കുമെല്ലാം കാർഷിക രംഗത്തെ സഹായിക്കുന്ന സമീപനം സ്വീകരിക്കുന്ന ഗവൺമെന്റാണിത്. പക്ഷേ ഏജന്റുമാരും നെല്ലുടമകളും കൃഷിക്കാരെ കടുത്ത ചൂഷണത്തിന് വിധേയമാക്കുന്ന സാഹചര്യമാണ്. ഈ രണ്ട് പ്രശ്നങ്ങളെയും നേരിടാനാവശ്യമായ ശക്തമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് ഈ സബ്മിഷന്റെ ഭാഗമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. മറ്റൊന്ന്, കൃഷിയിടത്തുവന്ന് നെല്ലെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യാനാവശ്യമായ ഉദ്യോഗസ്ഥൻമാരുടെ കുറവാണ്. മുൻകാലങ്ങളിൽ കോട്ടയം, ആലപ്പുഴ ജില്ലകൾക്ക് ഒരു ഓഫീസറായിരുന്നു ഉണ്ടായിരുന്നത്. ഏറ്റവും കൂടുതൽ നെല്ലുൽപ്പാദനം നടക്കുന്ന ജില്ലയെന്നുള്ള നിലയിൽ സ്വാഭാവികമായും ആലപ്പുഴ ജില്ലയിൽ പ്രത്യേകമായി ഇത് കൈകാര്യം ചെയ്യാനാവശ്യമായ ഓഫീസർമാരെ ആവശ്യമാണ്. മാത്രമല്ല, താഴെത്തട്ടിലേയ്ക്ക് ഉദ്യോഗസ്ഥൻമാരെ വിന്യസിപ്പിക്കാനാവശ്യമായ സമീപനംകൂടി സ്വീകരിക്കണമെന്നതാണ് ഈ സബ്മിഷന്റെ ഭാഗമായി ഉന്നയിക്കുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എച്ച്. സലാം, ഗൗരവതരമായ വിഷയമാണ് ഉന്നയിച്ചിരിക്കുന്നത്. ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും കൊയ്ത്തിനായി വിരിപ്പ് കാലയളവിൽ 250 കൊയ്ത്തു-മെതിയന്ത്രങ്ങളും പുഞ്ചകൃഷികാലത്ത് 500 കൊയ്ത്തു-മെതി യന്ത്രങ്ങളും സാധാരണയായി ആവശ്യമായി വരാറുണ്ട്. വിവിധ ഏജൻസികളിൽനിന്നും സർക്കാർ ഉടമസ്ഥതയിലുമായി 58 കൊയ്ത്തു-മെതി യന്ത്രങ്ങൾ നിലവിൽ ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ ലഭ്യമാണ്. എറണാകുളം, കോട്ടയം ജില്ലകളുടെ ആവശ്യംകൂടി പരിഗണിക്കുമ്പോൾ ആലപ്പുഴ ജില്ലയ്ക്ക് വിരിപ്പ് കൃഷിയുടെ ആവശ്യത്തിന് 733-ഉം പുഞ്ചകൃഷിക്ക് 483-ഉം കൊയ്ത്തു-മെതി യന്ത്രങ്ങൾ ആവശ്യമായിവരുന്നുണ്ട്. കൊയ്ത്തു-മെതി യന്ത്രങ്ങളുടെ ലഭ്യത അപര്യാപ്തമായതിനാൽ അയൽസംസ്ഥാനങ്ങളിലെ യന്ത്രങ്ങളെ ആശ്രയിക്കേണ്ട സാഹചര്യം നിലവിലുണ്ട്. കഴിഞ്ഞ സീസണിൽ കൊയ്ത്തു-മെതി യന്ത്രങ്ങളുടെ ദൗർലഭ്യമുണ്ടായ സാഹചര്യം ആവർത്തിക്കാതിരിക്കാനുള്ള നടപടികളുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ പുഞ്ചകൃഷിയുടെ കൊയ്ത്തുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്

കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട എം.എൽ.എ.മാർ, മറ്റ് ജനപ്രതിനിധികൾ, ജില്ലാ കളക്ടർ, കൃഷി ഉദ്യോഗസ്ഥർ, പാടശേഖര സമിതി പ്രതിനിധികൾ, കൊയ്ത്ത്-മെതി യന്ത്രങ്ങൾ കൊണ്ടുവരുന്ന ഏജന്റുമാർ എന്നിവരുടെ യോഗം ഓൺലൈനായി 7-02-2022-ൽ ചേരുകയുണ്ടായി. തുടർന്ന്, കൊയ്ത്ത്-മെതി യന്ത്രങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും മെഷീനുകളുടെ നിരക്ക് തീരുമാനിക്കുന്നതിനും 21-02-2022-ൽ വീണ്ടും കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ചെയ്തു. റോഡ് മാർഗ്ഗം സാധാരണ പ്രദേശങ്ങളിൽ കൊണ്ടുവരുന്ന കൊയ്ത്ത്-മെതി യന്ത്രങ്ങൾക്ക് മണിക്കൂറിന്  പരമാവധി 1900 രൂപയും ചങ്ങാടംവഴി കൊണ്ടുവരുന്ന കൊയ്ത്ത്-മെതി യന്ത്രങ്ങൾക്ക് പാടശേഖരങ്ങളിൽ മണിക്കൂറിന് പരമാവധി 2000 രൂപയുമായി നിരക്ക് നിജപ്പെടുത്തി ഈടാക്കുവാൻ തീരുമാനിക്കുകയുണ്ടായി. കഴിഞ്ഞ കൊല്ലം നിശ്ചയിച്ച സാധാരണ പ്രദേശങ്ങളിലെ നിരക്കായ 2100 രൂപയും ചങ്ങാടംവഴി കൊണ്ടുവരുന്ന കൊയ്ത്ത്-മെതി യന്ത്രങ്ങളുടെ നിരക്കായ 2200 രൂപയിൽനിന്നും കുറഞ്ഞ നിരക്കാണ് ഇക്കൊല്ലം  തീരുമാനിച്ചിട്ടുള്ളത്. കൂടാതെ, പ്രസ്തുത യോഗം കൊയ്ത്തിന്റെ സുഗമമായ നടത്തിപ്പിനായി പഞ്ചായത്ത് തലത്തിൽ

പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, പാടശേഖര പ്രതിനിധികൾ, കൃഷി ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിക്കുന്നതിനും കൊയ്ത്ത്-മെതി യന്ത്രങ്ങളുടെ ലഭ്യത ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ഏജന്റുമാർ അറിയിക്കണമെന്നും ജില്ലയിലെ പാടശേഖരങ്ങളുടെ വിളവെടുപ്പിന്റെ മുൻഗണനാപട്ടിക തയ്യാറാക്കി പട്ടികയ്ക്കനുസൃതമായി യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനും ഓരോ ഏജന്റുമാർക്കും പഞ്ചായത്ത് അല്ലെങ്കിൽ പാടശേഖരം അലോട്ട് ചെയ്യുന്നതിന് സാധ്യമാകുമോയെന്ന് പരിശോധിക്കുവാനും തീരുമാനിച്ചു. അതിൻപ്രകാരം വിളവെടുപ്പിന്റെ മുൻഗണനാപട്ടിക പ്രിൻസിപ്പൽ കൃഷി ഓഫീസർ തയ്യാറാക്കി. ആയതുപ്രകാരം ഏജന്റുമാരുടെ യോഗം ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ 26-2-2022-ൽ കൂടുകയും ചെയ്തു. തുടർന്ന്, 4-3-2022-ൽ കൂടിയ ജില്ലാ കാർഷിക വികസന സമിതി യോഗം 21-2-2022-ൽ നിശ്ചയിച്ച പരമാവധി നിരക്കിൽനിന്നും കുറഞ്ഞ റേറ്റിൽ കൊയ്ത്തുനടത്തുവാൻ തയ്യാറാകുന്ന ഏജന്റുമാർക്ക് ലേലനടപടികളിലൂടെ കരാർ നൽകാവുന്നതാണെന്ന് തീരുമാനിച്ചു. കൂടാതെ, പാടശേഖരങ്ങൾക്ക് അവർ പ്രത്യേകമായി താൽപ്പര്യപ്പെടുന്ന ഏജന്റുമാരെക്കൊണ്ട് കൊയ്ത്ത്

നടത്താവുന്നതാണെന്നും തീരുമാനിച്ചു. ഏജന്റുമാർ കൊണ്ടുവരുന്ന കൊയ്ത്തു-മെതി യന്ത്രങ്ങളുടെ കാര്യക്ഷമത പരിശോധിക്കാൻ പ്രത്യേകമായ ടീമിനെ ചുമതലപ്പെടുത്തുന്നതാണ്. കേന്ദ്രസർക്കാർ വിഭാവന ചെയ്തിട്ടുള്ള വികേന്ദ്രീകൃത ധാന്യസംഭരണ-സംസ്കരണ-വിതരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ നിയോഗിച്ച നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) മുഖേനയാണ് സംസ്ഥാനത്ത് നെല്ല് സംഭരിക്കുന്നത്. സപ്ലൈകോ സംഭരിക്കുന്ന നെല്ല് കേന്ദ്രസർക്കാരിന്റെ ഗുണനിലവാര മാനദണ്ഡങ്ങൾക്കനുസരിച്ച് സംസ്കരിച്ച് അരിയാക്കി സംസ്ഥാനത്തെ പൊതുവിതരണ സംവിധാനംവഴി ജനങ്ങൾക്ക് വിതരണം ചെയ്യുന്നു. ഓരോ പാടശേഖരങ്ങളിൽനിന്നും നെല്ലെടുക്കുന്നതിന് മില്ലുകളെ മുൻകൂട്ടി സപ്ലൈകോ നിശ്ചയിച്ച് നൽകുന്നുണ്ട്. സംഭരണ കേന്ദ്രത്തിൽ കർഷകർ കൊണ്ടുവരുന്ന കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന ഗുണനിലവാരത്തിലുള്ള നെല്ലിന്റെ തൂക്കത്തിൽ യാതൊരുവിധ കിഴിവും വരുത്താറില്ല. നീണ്ടുനിൽക്കുന്ന ശക്തമായ മഴ, വെള്ളപ്പൊക്കം എന്നീ പ്രകൃതിക്ഷോഭങ്ങൾ നെല്ലിന്റെ ഗുണമേന്മയെ ദോഷകരമായി ബാധിക്കുന്ന സാഹചര്യങ്ങളിൽ കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് നെല്ല്

സംഭരിക്കാൻ സാധിക്കാതെവരികയും ഇതുമൂലം കർഷകർ ദുരിതം അനുഭവിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാകാറുണ്ട്. ഇത്തരം സാഹചര്യത്തിൽ മില്ലുടമകളും കർഷകരുമായി പാഡി മാർക്കറ്റിംഗ് ഓഫീസർമാർ ചർച്ച ചെയ്ത് എത്തിച്ചേരുന്ന ന്യായമായ കിഴിവിന്റെയടിസ്ഥാനത്തിൽ നെല്ല് സംഭരിക്കാറുണ്ട്. ഇത്തരം അവസരങ്ങളിൽ നെല്ലിന്റെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിച്ച് മില്ലുടമയേയും കർഷകരെയും ബോദ്ധ്യപ്പെടുത്തിയിട്ടാണ് സംഭരണ പ്രക്രിയ നടത്തുന്നത്. യഥാസമയം കൊയ്ത്ത്-മെതി യന്ത്രങ്ങൾ ലഭ്യമാക്കാനും നെല്ലിന്റെ സംഭരണ പ്രക്രിയയിൽ കർഷകർ ചൂഷണത്തിന് വിധേയമാകുന്നത് ഒഴിവാക്കുവാനും നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ കൊയ്ത്തിന്റെ മേൽനോട്ടത്തിന് ഉയർന്ന ഉദ്യോഗസ്ഥരടങ്ങുന്ന പ്രത്യേക സെല്ലിനെ ചുമതലപ്പെടുത്തും. ഇക്കാര്യങ്ങളെല്ലാം മന്ത്രിയെന്ന നിലയിൽ നേരിട്ട് പരിശോധിക്കുന്നതും പ്രദേശങ്ങളിലെ എം.എൽ.എ.മാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് അവലോകനയോഗം ചേരുന്നതുമായിരിക്കും.

(10) കാലടി സമാന്തര പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കാലടി സമാന്തര പാലത്തിന്റെ ഭരണാനുമതി 2012-ൽ ലഭ്യമായിട്ടുള്ളതാണെങ്കിലും ഇന്നേവരെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ലെന്നുള്ളതാണ് വസ്തുതയും ചരിത്രവും. ഇതുമായി ബന്ധപ്പെട്ട് നിരവധി തർക്കങ്ങൾ ഇരുഭാഗങ്ങളിലുമുണ്ടായിരുന്നു. ഇതിനുശേഷം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും അവിടത്തെ ബഹുമാനപ്പെട്ട എം. പി. ശ്രീ. ബെന്നി ബെഹനാനും അങ്കമാലി എം.എൽ.എ. ശ്രീ. റോജി എം. ജോണും ആലുവ എം.എൽ.എ. ശ്രീ. അൻവർ സാദത്തും ഞാനുംകൂടി ഒരു മീറ്റിംഗ് കൂടുകയും അതിന്റെയടിസ്ഥാനത്തിൽ അവിടെ സമാന്തരമായി ഒരു പാലം ഉടൻതന്നെ നിർമ്മിക്കാമെന്ന് തീരുമാനമെടുക്കുകയും ചെയ്തിട്ടുള്ളതാണ്. അതോടൊപ്പംതന്നെ കാലടിയിലെയും പെരുമ്പാവൂർ ഭാഗത്തെയും ബ്ലോക്ക് പൂർണ്ണമായും മാറണമെങ്കിൽ മറ്റൊരു പാലംകൂടി ഇത്തവണത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് ബൈപ്പാസോടുകൂടി നിർമ്മിക്കാമെന്നുള്ള വാക്കാലുള്ള തീരുമാനം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പ്രത്യേകമായി

പറഞ്ഞുവച്ചിട്ടുള്ള കാര്യമാണ്. ഈ പാലത്തിന്റെ ഡിസൈൻ തീരുമാനമായി, ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായി, ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി കണ്ടിജൻസി ഫണ്ടിൽനിന്നും പണം ലഭ്യമായി. പെരുമ്പാവൂർ ഒക്കൽ പഞ്ചായത്തിലെയും കാലടി പഞ്ചായത്തിലെയും മുപ്പത് സെന്റിൽ താഴെ ഭൂമിയാണ് ഇതുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ടത്. ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന കാലതാമസം എല്ലാവർക്കുമറിയാം. 6(1), 2(1), 11(1), 19(1) തുടങ്ങി ധാരാളം നോട്ടിഫിക്കേഷനുകൾ വരുമ്പോൾ കാലതാമസമുണ്ടാകുമെന്നത് യാഥാർത്ഥ്യമാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഞാനും അങ്കമാലി എം.എൽ.എ. ശ്രീ. റോജി എം. ജോണും ഉൾപ്പെട്ടുകൊണ്ട് ഭൂവുടമകളുടെ യോഗം വിളിച്ചുകൂട്ടുകയും അവരെല്ലാവരും അഡ്വാൻസ് പൊസഷനായി ഈ പാലം നിർമ്മാണത്തിനുവേണ്ടി ഭൂമി നൽകാമെന്ന് പ്രത്യേകമായി ധാരണാപത്രം എഴുതി കളക്ടർക്ക് നൽകിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ നടക്കുന്നതോടൊപ്പംതന്നെ അടിയന്തരമായി ഈ പാലം ടെണ്ടർ ചെയ്ത് ഈ സമയത്ത് നിർമ്മാണ പ്രവർത്തനം

ആരംഭിക്കുകയാണെങ്കിൽ ഒട്ടേറെ കാലതാമസമൊഴിവാക്കാൻ സാധിക്കുമെന്നുമാത്രമല്ല ഈ പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കാനും സാധിക്കും. എം.സി. റോഡിൽ യാത്ര ചെയ്യുമ്പോൾ ഏറ്റവുമധികം യാത്രാക്ലേശം അനുഭവപ്പെടുന്ന ഒരു സ്ഥലമാണ് കാലടി എന്ന പ്രദേശം. തീർച്ചയായും ഇക്കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകണം. തൊട്ടപ്പുറത്തെ എം.എൽ.എ. എന്ന നിലയിൽ ശ്രീ. റോജി എം. ജോണിനും ഇക്കാര്യത്തിൽ സംസാരിക്കാൻ അനുമതി നൽകണമെന്നും അടിയന്തരമായി ഇത് ടെണ്ടർ നടപടിയിലേയ്ക്ക് പോകണമെന്നും സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

മി. ചെയർമാൻ: അങ്ങ് വിഷയം നന്നായി സൂചിപ്പിച്ചു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഉന്നയിച്ചത് ദീർഘകാലത്തെ ഒരു ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്തുതന്നെ ഏറ്റവും വലിയനിലയിൽ ഗതാഗതകുരുക്കുണ്ടാക്കുന്ന ഒരു പ്രശ്നത്തിന് പരിഹാരം കുടിയാകാൻ സമാന്തര പാലം എന്ന ഈ നിർദ്ദേശം കാരണമാകും. ഈ വിഷയം എറണാകുളം ജില്ലയിൽ നിന്നുള്ള നിയമം, വ്യവസായം, കയർ

വകുപ്പുമന്ത്രി ശ്രീ. പി. രാജീവും അങ്കമാലി എം.എൽ.എ. ശ്രീ. റോജി എം. ജോണും ആലുവ എം.എൽ.എ. ശ്രീ. അൻവർ സാദത്തും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ.-യും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ജൂൺ 14-ന് അതായത്, ഗവൺമെന്റ് അധികാരത്തിൽവന്ന് ഒരുമാസത്തിനുള്ളിൽത്തന്നെ കാലടി പാലം ഇവരുമൊത്ത് സന്ദർശിച്ചിരുന്നു. മൂന്ന് എം.എൽ.എ.-മാരും ഉണ്ടായിരുന്നു. അവിടത്തെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കിയിരുന്നു. തുടർന്ന് ആഗസ്റ്റ് 12-ന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും മൂന്ന് എം.എൽ.എ.മാരും എല്ലാ രാഷ്ട്രീയപ്രസ്ഥാനത്തിന്റെ പ്രതിനിധികളും ചേർന്ന് ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. ഞാൻ അത് വിശദമായി പറയുന്നില്ല. അദ്ദേഹം തന്നെ പലകാര്യങ്ങളും സബ്മിഷനിൽ പറഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി നിർമ്മാണവുമായി മുന്നോട്ട് പോകണമെന്നൊരു പൊതുകാഴ്ചപ്പാട് വന്നു. ഇക്കാര്യത്തിൽ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. എറണാകുളം ജില്ലയിലെ എം.സി. റോഡിലെ കാലടി പാലത്തിന് സമാന്തരമായി പാലം നിർമ്മിക്കണമെന്ന നിശ്ചയദാർഢ്യവുമായിട്ടാണ് വകുപ്പ് മുന്നോട്ട് പോകുന്നതെന്ന് ഈ സഭയെ

പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. പദ്ധതിക്ക് മുപ്പത് സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്ന് ഇവിടെ പറഞ്ഞു. ഞാൻ അത് ആവർത്തിക്കുന്നില്ല. അതിന്റെ ഭാഗമായി യോഗം കൂടി. അവിടെ ഭൂവുടമകൾ സ്ഥലം അഡ്വാൻസായി വിട്ടുനൽകുന്നതിന് സമ്മതം അറിയിച്ചിരുന്നു, സമ്മതപത്രവും ലഭിച്ചിട്ടുണ്ട്. കാലടിയിലെ ഈ സമാന്തര പാലത്തിന് പൊതുമരാമത്ത് ഡിസൈൻ വിഭാഗം ഡിസൈൻ തയ്യാറാക്കുകയും അതിന്റെയടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കഴിഞ്ഞ ദിവസം പാലം നിർമ്മാണത്തിന് ഉപാധിയോടെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടിയിലേയ്ക്ക് കടക്കുവാനുള്ള നിർദ്ദേശം നൽകിയ വിവരംകൂടി ഈ സഭയെ അറിയിക്കുകയാണ്.